THE KERALA STATE ARCHIVES BULLETIN

Kerala State Archives Department

THE
KERALA STATE ARCHIVES
BULLETIN

THE KERALA STATE ARCHIVES BULLETIN

First Published : 1995
Reprint : 2010

Type Setting
Soft and Soft, Sasthamangalam

Cover Design
Godfrey's Graphics, Sasthamangalam

Printed at
Kerala State Audio-Visual Reprographic Centre
Thiruvananthapuram

Published by
Director, Kerala State Archives Department
Government of Kerala 2010

Price:

The Kerala State Archives Bulletin

chief Editor

J. REJIKUMAR
Director

Kerala State Archives
Government of Kerala
2010

Director's Note

The *Kerala State Archives Bulletin*, published by the Department of Archives in 1994 represents a distinct phase in the growth of the Department. The stenciled Newsletter of the Department at the twentieth year assumed the stature of a printed publication. The first volume of the Bulletin became the last volume of the Bulletin. But within a short span of time it received the attention of the scholars and researchers and the copies went out of stock. The volume is noted for the fifty-two rare documents on the life and works of Swati Tirunal who occupies a prominent place among the Maharajas of Travancore "as a prince among the composers and a composer among princess." Further the learned research articles "the Changing Phase of Agrarian Movement in Rural Society" by Dr. K.K.N. Kurup, "The Rise of Travancore" by Dr. S. Krishna Iyer and 'Archival Heritage of Kerala' by Dr. R. Madhudevan Nair enhance the value and worth of its publication. The publications which have gone out of reach and it still continues to command great demand among the historians and scholars.

The Department is able to undertake such noteworthy programmes only because of the keen interest bestowed by Sri M.A.Baby, the Honourable Minister for Education and Cultural Affairs, Government of Kerala towards the dissemination of historical knowledge to the betterment of the society. We are very much beholden to his encouragement. We are grateful to Dr.V.Venu, IAS, Secretary to the Department of Culture and all other persons who continue to patronize the publications of the Department of Archives.

Dr. K.N. Panikkar, the chairman of the editorial committee and Dr. K.K.N. Kurup, Dr. S. Sivadasan, Dr.K. Maheswaran Nair and Sri.

Malayinkeezh Gopalakrishnan, the members of the editorial committee always extended full support towards the publication of the documents. I am very much beholden to their inspiration and encouragement. I record my deep gratitude to the Assistant Director, Archivists, Superintendents, Junior Editor, Assistant Archivists, Editorial Assistants and all other staff members of the Department for their assistance at the different stages of this publication. The Godfrey's Graphics, Sasthamangalam, Thiruvananthapuram and Soft and Soft, Sasthamangalam, Thiruvananthapuram deserve our special thanks for cover design and type setting. Finally I convey my thanks to the Kerala State Audio-Visual Reprographic Centre, Thiruvananthapuram for the neat and elegant printing works.

J. Rejikumar
Director

CONTENTS

ABOUT OURSELVES

Ever since the introduction of this journal in 1974, it has been our cherished aim to bring out the publication printed. But due to unavoidable reasons there came inordinate delay. However it is indeed a matter of gratification that the News Letter is entering the twentieth year of its publication which happily synchronises with the 32nd year existence of the State Archives as a separate Department. We take this opportunity to express our gratitude to our well-wishers who have encouraged us. We also remember all those who have been so kindly co-operating with us in this venture in one way or the other.

It is true that for reasons beyond our control, the release of this issue is delayed and we regret it. Our readers would recall in this connection that our original aim in bringing out this journal as an experimental measure (with limited number of stencil-cut copies) was to distribute it mainly among the archival institutions, historians, research scholars and the like, in order to bring to light unpublished materials of historical interest in the possession of the Department. But, quite surprisingly, the journal proved to be of absorbing interest even to the common man and this naturally led to an unusual increase in the demand for copies from persons of all walks of life. This is a clear indication of the fact that our people are becoming more and more archives-minded and we feel that the part played by this journal in kindling and stimulating historical as well as cultural interest in the public mind is not inconsiderable.

While fully appreciating the interest evinced by the public in this regard, we crave their pardon for our inability to cater fully to the needs of all our well wishers these years. In order to meet the situation we have been thinking of bringing out the journal in print for a long time. However, it has materialised only now by the unstinted co-operation and encouragement of the Government.

Now it has been changed in form and contents with separate parts, including original records and articles mainly on Kerala history. We hope that it will prosper in due course as an organ of our cultural heritage by acquiring nourishment from various sources.

We anticipate the co-operation and support of our enlightened readers in future also. We would also like to take this opportunity to assure them that it shall be our endeavour to rise to their expectations in the coming years.

P. LEELA BAI,
Director.

Thiruvananthapuram,
18-10-1994

Dr. R. Madhudevan Nair,
Editional Archivist.

A WORD ABOUT SREE SWATI TIRUNAL

The celebrated ruler of Travancore, Sree Rama Varma, popularly known as Swati Tirunal from his asterism was born on 16th April 1813 (6th Chithra 988 M.E.). The infant prince was proclaimed Maharaja of Travancore on the 29th July of the same year and Queen mother Lekshmi Bai continued to rule the State in the name of her son. However Swati was known as 'Garbha Sriman'-heir apparent to the throne - even when he was in the womb of his mother.

Rama Varma, the young prince formally took the reins of Government in his sixteenth year in 1829 and was in power till his said demise in 1847. The period of his reign witnessed the beginnings of western education and modern system of administration. The eighteen years of his reign were a blessing to literature and fine arts. He was the master of many languages both European and Indian.

As a worthy successor of the great Martanda Varma(1729-58) he inherited the high tradition of an independent monarch. But the English East India Company which was then growing in power in the Indian Peninsula stood in his way. The Resident, the political agent of the Company pursued a policy to develop the power of the Company and to undermine the authority of the Maharaja. A man of Swati's calibre could never submit himself to the British Resident. His open conflict went so far as to persuade the Maharaja to think of abdicating the throne. We are not here concerned with the political affairs of the period which are given fully in the history of the State.* He was a great ruler, but over also an illustrious poet and music composer. He was a Prince among composers and a composer among Princes.

---

1. P. Shangoony Menon, *A History of Travancore*, V. Nagam Aiya, Travancore State Manual, T. K.Velu Pillai, *Travancore State Manual*, Dr. Sooranad Kunjan Pillai, Swati Tirunal etc.

Swati Tirunal as stated above had made lasting imprints on cultural activities such as composing Kritis, Keertanas, Varnas, Padas, Tillanas and several other works.[2] Thus even today he has been acclaimed as the great 'Vaggeyakara' and a scholar of eminence. He has composed more than four hundred works in almost all South Indian languages. The value of his contribution both as a ruler and a patron of arts has been recognised by all informed people. The liberalist policy followed by him in administration survived and paved the way for an all round growth of the State into modern lines.

He was equally great as a ruler and as a man of letters and musical composer. As a great ruler the benefits given to the state are gratefully remembered. As a patron of art and letters he extended his royal generosity to poets, musicians and other artists. He was the greatest example in Kerala who showed a kaleidoscopic splendour of authority, genius and generosity. He was unique in the matter of using several languages with admirable felicity as well as contributing literary production and musical composition. A student of the life of this illustrious personage is disappointed to think of his premature demise at the early age of 34.

Swati Tirunal was a patron of all the forms of art which flourished in South India during his time. He encouraged a number of artists belonging to various fields of creative arts. He was himself an expert in many branches of art even though he was particularly interested in music, literature and dance. Really speaking, his patronage on the whole resulted in a general awakening and enrichment of the world of art. Further, as a matter of fact it has been generally recognised that after the demise of King Sarabhoji of Tanjore in 1832 "Swati" was the main source of inspiration to South Indian art and music.

Even within the 34 years of his life, he was able to compose more works that can be expected of from an octogenerian. It became possible for him only because of his literary pursuits and devotion. His musical compositions are on the whole unparalleled and it is not possible to make comparison with others.

Today, it is an irony or anticlimax that even after 181 years after his birth, there exist mysterious and unceremonious allegations against him. This peculiar fortune or misfortune that befell him at the time of his accession to power still persists. In this way Swati Tirunal felt disappointment throughout his life due to circumstances. However it is not seldom that we come across such charges

---

2. His major works - Bhakti Manjari, Syanandurapura Varnana Prabandham, Sri Padmanabha Satakam, Kirtanas, Prabandhas, etc. His works are in different languages, Malayalam, Sanskrit, Hindi, etc. As a composer he ranks with the musical trinity, Thyagaraja, Muthaiah Bhagavathar, and Shyama Shastri .

against historical personalities quite often as fashion and the same can be seen in this case of Swati Tirunal also.

The records published in this booklet are the important documents collected from Central Archives, Trivandrum bearing reference to Swati Tirunal. A short summary in English is prefixed to each document to facilitate reference and to help the reader who may be ignorant of Malayalam.

We need not say anything about the value of these original records to historians and students. We place this before the generous public with the hope of a kind reception.

Document No. 1

BIRTH OF SWATI TIRUNAL

Swati Tirunal Rama Varma was born on 6th Chithira 988 M.E. (1813) as the son of the then reigning Regent Ayilyam Tirunal Lekshmi Bai. Col. Munro issued orders to install him as Raja when he attained maturity (16 years). However, in 989 M.E. (1814 A.D.) the new born child was taken to the Eastern gate of Sri Padmanabha Temple to perform ritual ceremonies and offerings to the family deity.

989-ാമാണ്ട് ആവണി മാസം 1-ാം തീയതി ചിറവായ് മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും കാണിക്ക (പൊടിവ്) 15-ാം തീയതി ആയില്യം തിരുനാൾ തിരു അവതാരം ചെയ്തരുളിയ ചിറവായ് മൂത്ത അമ്മ പണ്ടാരത്തിൽ നിന്ന് 986-ാംമാണ്ട് പൈങ്കുനി മാസം 5-ാം തീയതി വരെ ആറ്റിങ്ങൽ മൂപ്പുകൊണ്ടരുളി നടന്നു വരവെ അവിട്ടം തിരുനാൾ ശ്രീ . പത്മനാഭദാസ ബാലരാമവർമ്മ കുലശേഖ പെരുമാൾ ഇരുന്ന രുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും 986 അല്പശി മാസം 26-ാം തീയതി നാടു നീങ്ങിയതിന്റെ ശേഷം ഇളമുറയായിരുന്ന വിശാഖം തിരുനാൾ ഇളയ പണ്ടാര ത്തിലെ കോലസ്വരൂപത്തിലേക്ക് ദത്തവകാശമാക്കിയിരുന്ന പണ്ടാരത്തിലാക ക്കൊണ്ടു ആൺ വഴി തമ്പുരാക്കൻമാരെ ദത്തവകാശമാക്കുന്നതു പ്രമാണമല്ല എന്നും പിറ അടയ ആൺവഴി തമ്പുരാക്കൻമാർ ഇല്ലാതെ വന്നാൽ പെൺവഴി തമ്പുരാക്കൻമാർക്ക് രാജ്യത്തിനു പട്ടവും കെട്ടിച്ചുനടന്നുകൊള്ളത്തക്കവണ്ണവും പിറ അടയാൻ ആൺവഴി തമ്പുരാക്കൻമാർ ഉണ്ടായിരുന്നാൽ രാജ്യത്തിന് പട്ടവും കെട്ടി നടന്നു കൊള്ളത്തക്കവണ്ണവും ദത്തവകാശമാക്കിയിരുന്ന കേരള വർമ്മമാരായ തമ്പു രാനെ തിരുവിതാംകൂറിനു പുറത്തു ഒരു ഭാഗത്തു പാർപ്പിച്ചു കൊള്ളത്തക്കവണ്ണ വും മറ്റും മൺറോ തുര അവർകൾക്കു കായസം എഴുതിവന്ന പ്രകാരം 986-ാംമാണ്ട് പൈങ്കുനി മാസം 6-ാം തിയതി ആയില്യം തിരുനാൾ ആറ്റിങ്ങൽ മൂത്ത ലക്ഷ്മി അമ്മ പണ്ടാരത്തിൽനിന്നും ചിറവായ് മൂപ്പുകൊണ്ടരുളി രാജ്യപരിപാലനം ചെയ്തു വരവേ ടി അമ്മ പണ്ടാരത്തിലേക്ക് ഗർഭം ഉണ്ടായി 988-ാം മാണ്ട് ചിത്തിര മാസം 6-ാം തീയതി തിരുവയറു വാണരുളി ചോതി തിരുനാൾ ആൺ വഴി പണ്ടാരത്തി ലേക്ക് പട്ടം കെട്ടി നടന്നു കൊള്ളത്തക്കവണ്ണവും 16 തിരുവയസ്സു തികഞ്ഞാൽ തിരുമാടമ്പും പടിയും പടിയേറ്റവും കഴിച്ചു ഉടവാളും വാങ്ങിച്ചു കൊള്ളത്തക്കവ ണ്ണവും നിശ്ചയിക്കയിൽ 989-ാം മാണ്ട് ആടിമാസം 15 -ൽ ചിറവായ് മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും ചോതി തിരുനാൾ കൊച്ചു പണ്ടാരത്തിലേക്ക് ഒരു വയസ് തികയാതെ മതിലകത്തു എഴുന്നള്ളിക്കാൻ വഹിയാഴിക കൊണ്ടു കിഴക്കും ഗോപു രത്തിന്റെ കിഴക്കേ നടയിൽ നാടകശാലക്കകത്തു ടി കൊച്ചു പണ്ടാരത്തിലെ എഴു ന്നള്ളിച്ചു കിടത്തി ടിയിൽ എട്ടരയോഗവും കൂടിനിന്ന പെരിയനമ്പി മാച്ചിപ്പിറത്തു നാരായണൻ കേശവൻ തീർത്ഥവും തളിച്ചു നേശിമൂടം പാടി (പൊടിവ്) ടി കൊച്ചു

പണ്ടാരത്തിലെ എടുത്തു അമ്മ പണ്ടാരത്തിലെ തൃക്കയ്യിൽ കൊടുത്തശേഷം ടിയിൽ പെരിയ കീഴ്ശാന്തി വച്ച പൊന്നിൻ തട്ടത്തിൻന്മേൽ കാണിക്കുകയും ഇട്ടു പിർപാകം പെരിയ നമ്പി വട്ടകപ്രസാദവും കൊടുത്തു പെരുമാൾ കൊട്ടാരത്തിൽ എഴുന്നള്ളി ച്ചതിന്റെ ശെഷം ആയില്യം തിരുനാൾ ചിറവായ് മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും മതിലകത്തു എഴുന്നള്ളി കാണിക്കയും ഇടുന്നത്. പട്ടം കെട്ടുന്ന വകയ്ക്ക് ചുറ്റു വിളക്കും ചിറപ്പും കഴിക്കയിൽ കൊടി കുട വകയിൽ ഇരിപ്പു പണവും മറ്റും വഞ്ചി കയിലിട്ടത്.

മതിലകം,
ചുരുണ 805, ഓല 4.

Document No .2

BIRTHDAY CEREMONIES OF RANI AYILYAM TIRUNAL LEKSHMI BAI AND SWATI TRIUNAL

As there was no male member to succeed to the throne Ayilyam Tirunal Lakshmi Bai was declared as the ruler of Travancore in 986 M.E (1811 A.D). She was the Mother of Swati Tirunal . It was customary during these days to make offerings (Paditharam) to the temple on birth day of reigning rulers and heir apperents. Thus the ceremonies were conducted as usual in the name of young Swati Tirunal and his mother.

989-ാമാണ്ട് പൈങ്കുനി മാസം 21-ാം തിയതി ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിലെ ആയില്യം ആട്ടത്തിരുനാളിന് പടിത്തരം.

ആയില്യം തിരുനാൾ തിരു അവതാരം ചെയ്തരുളിയ ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിൽനിന്നും 983-ാം മാണ്ട് കാർത്തിക മാസം മുതൽ ആറ്റങ്ങൽ മൂപ്പു വഴങ്ങി ടി തിരുനാളിനു ആറ്റങ്ങൽ മൂപ്പിലെ തിരുനാൾ പടിത്തരത്തിൽ പടിയൊള്ള വഴിപാടും ഈച്ചുവരസേവകളും നടന്നു വരവെ ചിറവായ് മൂപ്പു കൊണ്ടരുളിരാച്ചിയ പരിപാലനം ചെയ്തു പോന്ന അവിട്ടം തിരുനാൾ തിരു അവതാരം ചെയ്തരുളിയ ശ്രീ. പത്മനാഭദാസ ബാലരാമവർമ്മ കുലശേഖര പെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നു 986-ാാ മാണ്ടു അൽപ്പശിമാസം 24-ാംതിയതി നാടുനീങ്ങുപോകക്കൊണ്ടും ഇളമുറയായിരുന്ന വിശാഖം തിരുനാൾ തിരുഅവതാരം ചെയ്തരുളിയ കേരളവർമ്മരായ തിരുവടി ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിലെ കുമ്മഞ്ഞിയിൽ നിന്നും വടക്കു തലച്ചേരിയിൽ എഴുന്നരുളിപ്പിച്ചു പാർപ്പിച്ചിരിക്കകൊണ്ടും പിന്നത്തതിൽ ചിറവാ മൂപ്പുകൊണ്ടരുളി ക്ഷേത്രഭരണവും രാച്ചിയ പരിപാലനവും ചെയിവാൻ തൃപ്പാപ്പൂർ സൊരുപത്തിൽ ആൺ വഴി തമ്പുരാക്കൻമാർ ഇല്ലാഴികകൊണ്ടും കുമ്മഞ്ഞിയിൽ ഉത്തരവുംപടി ആയില്യം തിരുനാൾ തിരു അവതാരം ചെയ്തരുളിയ മാറ്റങ്ങൾ മൂത്ത അമ്മ പണ്ടാരത്തിൽനിന്നും 986-ാമ്ണ്ട് പൈങ്കുനി മാസം 6-ാം തിയതി മുതൽ ചിറവായ് മൂപ്പു കൊണ്ടരുളി തേവകരി ഉട

വാൾ വാങ്ങി ക്ഷേത്രസമ്മന്തവും രാച്ചിയ പരിപാലനവും ചെയ്തു വരികയിൽ ടി അമ്മപണ്ടാരത്തിലെ ആയില്യം ആട്ടത്തിരുനാളിനും ചിറവായ് മുപ്പിലെ തിരുനാൽപടിത്തരത്തിൽ പടിവഴിപാടും ഈശ്വരസേവകളും 986-ാമാണ്ട് മുതൽ 988-ാമാണ്ട് വരെയും നടന്നുവരവെ 989-ാം മാണ്ട് ചിത്തിരമാസം 24-ാംതിയതി ടി അമ്മ പണ്ടാരത്തിൽ നിന്നും തിരുവയറു വാണരുളിയ ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരബാലവർമ്മരായ തീരുവടി ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിലേയ്ക്ക് ഒരു വയസു തികഞ്ഞ തിരുന്നാളാകയാൽ നാളിതു പെരുമാൾ ശ്രീ പത്മനാഭ പെരുമാൾക്ക് ദാസനായിട്ടു നീർ വീഴ്ത്തി കൊടുത്തു നാളിതുതന്നെ ടി പണ്ടാരത്തിലേയ്ക്ക് തേവരകി ഉടവാൾ കൊടുത്തു ചിറവാ മൂപ്പു വഴങ്ങത്തക്കവണ്ണം നിശ്ചയിക്കയിൽ 989-ാം മാണ്ട് മുതൽ (പൊടിവ്) പ്രമാണിച്ച് കഴിപ്പിച്ച് കൊള്ളത്തക്കവണ്ണവും ആയില്യം തിരുനാൾ തിരു അവതാരം ചെയ്തരുളിയ അമ്മ പണ്ടാരത്തിലെ തിരുനാളിനു ആറ്റങ്ങൽ മൂപ്പിലെ തിരുനാൾ പടിത്തരത്തിൽ പടിയൊള്ള വഴിപാടുകളും ഈച്ചുവരസേവകളും കഴിപ്പിച്ചു കൊള്ളത്തക്കവണ്ണവും നിശ്ചയിക്കയിൽ 989-ാം മാണ്ട് പൈങ്കുനി മാസം 24-ാം തീയതി ആയില്യം ആട്ടത്തിരുനാളാകയാൽ ടി മാസം 15-ാം തീയതി മുതൽ പെരുമാൾ ശ്രീ. പത്മനാഭ പെരുമാൾക്കും തെക്കേടത്തു നരസിംഹാനന്ത പെരുമാൾക്കും കൂട നാൾ 7 ക്കു വഴിപാട് തുടങ്ങിയ നടന്ന വയ്ക്ക് എഴുതിയ പടിത്തരം.

മതിലകം
ചുരുണ 1083, ഓല 339, 340

Document No. 3

FIRST BIRTHDAY CEREMONIES

Due to some personal reasons mother regent Lakshmi Bai was not in a position to perform the first birth day ceremoies of Swati Tirunal in the temple. So it was conducted in a befitting manner by her sister Uthrattathi Tirunal (Ilayamma) in the Attingal "Thiruvarattu-kavu' temple on that auspicious occasion.

989-ചിത്തിരമാസം 24-ാംതീയതി കാണിക്ക നടവരവു വക.

ഉതൃട്ടാതി തിരുനാൾ ആറ്റങ്ങൽ ഇളയ പണ്ടാരത്തിൽ നിന്നും ആറ്റങ്ങൽ എഴുന്നള്ളുകയിൽ കാണിക്കയിട്ടതായും 11-ാം തീയതി വലിയ കോയിത്തമ്പുരാനും 15-ാം തീയതി പുത്തൻ തെരുവിൽ ശങ്കര ശാസ്ത്രികളുടെ കുഞ്ഞിനെ കൊണ്ടു പിടിപ്പണം വാരിച്ചതായും 19-ാം തീയതി കിളിമാനൂർ അമ്മ കോയിത്തമ്പുരാനും 21-ാം തീയതി ആയില്യം തിരുനാൾ ചിറവായി മൂത്ത അമ്മ പണ്ടാരത്തിൽനിന്നും ചോതി തിരുനാളിനു ഒരു വയസ്സു തികഞ്ഞ തിരുനാളിനും തിരുൽസവത്തിനും വേട്ടയ്ക്കും ചിറവായ് മൂത്ത അമ്മ പണ്ടാരത്തിൽനിന്നും മറ്റും കാണിക്കയിട്ടതായും ചിത്തിര 24-ാം തീയതി ചോതി തിരുനാൾ ശ്രീ. വീര (പൊടിവ്) പണ്ടാരത്തിലേയ്ക്ക് ഒരു

വയസ്സു തികഞ്ഞ ആട്ടതിരുനാളാകയാൽ ചെറിയ പെരുമാൾക്ക് ദാസനായി നീര് വീഴ്ത്തി കൊടുക്കേണ്ടതിനു ആയില്യം തിരുനാൾ അമ്മ പണ്ടാരത്തിലേയ്ക്കു ശുദ്ധം പേരാഴികെ കൊണ്ട് ഉത്രാട്ടാതി തിരുനാൾ ഇളയ അമ്മ പണ്ടാരത്തിൽ നിന്നും ചോതി തിരുനാൾ കൊച്ചു പണ്ടാരത്തിലെ മതിലകത്തു എഴുന്നള്ളി കാണി ക്കയിട്ടതായും ചോതി തിരുനാൾ പണ്ടാരത്തിൽ കൽപ്പിച്ചു പടിയും പടിയേറ്റവും നിർവ്വഹിച്ച് മതിലകത്ത് എഴുന്നള്ളി ചിറവായ് മൂപ്പു കൊണ്ട് ദേവകരി ഉടവാൾ വാങ്ങിക്കുന്നതിന് ആനയും ഉരുവിരുത്തി കാണിക്കയിട്ടതായും

മതിലകം
ചുരുണ 253, ഓല 887-910

Document No.4

SPECIAL PRAYERS IN TEMPLES

Conducting special poojas in major temples in honour of birthdays and assumption, of office of the rulers was customary in Travancore. As part of the same on the birth days of Swati Tirunal and his mother, special poojas were conducted in the temples of Varkala, Harippad, Aranmula, Ochira, Kaviyur etc.

989 ആടിമാസം 28-ാം തീയതി

കൊടുത്തുട്ട സാധനം രണ്ടും വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു ആയില്യവും ചോതിയും നക്ഷത്രം പ്രമാണിച്ച് വർക്കല മുതൽ വടക്കൊള്ള ക്ഷേത്രങ്ങളിൽ അരുളിപ്പാടും -ആറൻമുള-ഓച്ചിറ-കവിയൂർ ഈ നാലിടത്തും നൂറു പേരു (പൊടിവ്) ശയനപ്രദിക്ഷണവും വർക്കല അമ്പലപ്പുഴ മാവേലിക്കര കണ്ടിയൂർ തിരുവാർപ്പ്, ചേർത്തല,ചെട്ടികുളങ്ങര, പത്തിയൂർ, ആര്യംകാവ് ഈ ക്ഷേത്രങ്ങളിൽ നിറമാല നിവേദ്യം വിളക്ക് ചതുശ്ശനം ഉൾപ്പെട്ട വഴിപാടുകളും കഴിപ്പിക്കേണ്ടുന്നതിനു നീ പ്രാർത്ഥിച്ചു ആ വകയ്ക്ക് എഴുതിക്കണ്ടു ആയിരം പണവും കൊടുത്ത അരിക്കാരെ അയച്ചിരിക്കുന്നു എന്നും ക്ഷേത്രങ്ങളിൽ അഷ്ടബന്ധകലശവും അറ്റകുറ്റപ്പണി കളും കഴിപ്പിക്കെണ്ടുന്നതിനും വിചാരിച്ചു വ (പൊടിവ്) അവസ്ഥകൊണ്ടും എല്ലൊ (പൊടിവ്) വന്നതിലാകുന്നു. ഇ (പൊടിവ്)ൾ പ്രാർത്ഥിച്ചിട്ടുള്ള വഴിപാടുകൾ ഒക്കയും ഈ ക്ഷേത്രങ്ങളിലേക്ക് ഏറ്റം പ്രധാനമായിട്ടുള്ളതാകുന്നു ഇന്നതായും ബൊധി പ്പിച്ചിരിക്കുന്ന (പൊടിവ്) ചെയ്ത് അഷ്ടബന്ധകലശവും, ക്ഷെത്രങ്ങളിൽ അറ്റകു റ്റപ്പണികളും കഴിയെണ്ടുന്നതിനു ഇനിയും വെണ്ടും പ്രകാരം വിചാരിച്ചു നിദാനം വരുത്തി ആയവസ്ഥയ്ക്കും എഴുതിവരണം എന്നും ഇക്കാര്യം ചൊല്ലി ദിവാൻ ദെവൻ പത്മനാഭന് നീട്ട് എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട്
വാല്യം 77 പുറം 1

Document No .5

FEST ON MONTHLY (PAKKOM) BIRTHDAYS

In addition to the annual birth day of young Swati Tirunal, monthly birthdays (pakkom)also were being celebrated . It included decoration of Mathilkakom with illumination (Chuttuvilakku), feast to the public and ceremonial Poojas in the Sri Padmanabha Swamy temple.

കൊടുത്തുട്ട സാധനവും വര്യോലയും വായിച്ചു കെട്ടവസ്ഥയും അറിഞ്ഞു. കൊച്ചുമ്മിണിയുടെ ആട്ടപ്പുറന്നാളിനു സദ്യയും ചുറ്റുവിളക്കു മുതലായ അടിയന്ത്രങ്ങളും നടന്നു വരുന്നതു കൂടാതെ മാസം തോറും വരുന്ന ചോതി പക്ക പിറന്നാളിനു അഗ്രശാലയിൽ വച്ചു അഞ്ചു സദ്യയും മതിലകത്തു ചുറ്റുവിളക്കും ശീവേലിയും കഴിപ്പിക്കുന്ന വകയ്ക്കു ചിലവിനു ഉൽസവമഠത്തിൽ പിള്ളമാരെ കൊണ്ട് വര്യോല എഴുതിച്ചു കൊടുത്തയക്കുന്ന പ്രകാരവും അരി കാകറി പലവെഞ്ഞനം ചുറ്റു വിളക്കിനു വെളിച്ചെണ്ണ തിരിശീല ഉൾപ്പെടെ ചിലവിനുള്ള പണം 673 3/4 (അറുനൂറ്റിഎഴുപത്തിമുന്നേമുക്കാൽ പണം) പതിവിൽ കൂട്ടി എഴുതിച്ചു ഇടവമാസം മുതൽ അടിയന്ത്രം പതിവായിട്ടു നടത്തിക്കെണ്ടുന്നതിനു ഏതു പ്രകാരം വെണ്ടു എന്നും എല്ലൊ എഴുതി വന്നതിൽ ആകുന്നു മാസംതോറും കൊച്ചുമ്മിണിയുടെ പക്ക പിറന്നാൾ പ്രമാണിച്ച് വിശേഷാൽ പ്രകാരം ഒള്ള അടിയന്ത്രം തുടങ്ങി നടത്തിക്ക എന്ന നിശ്ചയിച്ചതു നമുക്കു ഏറ്റവും സന്തോഷമായിട്ടുള്ളതാകകൊണ്ടു എഴുതിവന്നതിൻവണ്ണം തന്നെ കൊച്ചുമ്മണിയുടെ ചൊതി പക്കപുറന്നാൾ തൊറും അഗ്രശാലയിൽ വച്ചു അഞ്ചു സദ്യയും, മതിലകത്തു ചുറ്റുവിളക്കും ശീബലിയും കഴിപ്പിക്കുന്ന വകയ്ക്കു വര്യോല പ്രകാരം ചിലവുള്ള പണം 673 3/4 (അറുനൂറ്റിഎഴുപത്തിമൂന്നേമുക്കാൽ പണം)പതിവിൽ കൂട്ടി എഴുതിച്ചു ഇടവമാസം മുതൽ മെലെഴുതിയ അടിയന്ത്രം പതിവായിട്ടു നടത്തിച്ചു കൊള്ളത്തക്കവണ്ണം നിദാനം വരുത്തി കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 990 ചിത്തിരമാസം 28-ാം തീയതി ദിവാൻ പേഷ്ക്കാർ വെങ്കിട്ടരായർക്ക് നീട്ട്.

നീട്ട് വാല്യം 96 (തുല്യം)
പുറം 38

Document No .6

SRI PADMANABHA SWAMY TEMPLE ADMINISTRATION

Swati Tirunal issued royal writs (nittus) making certain changes in the administration of the Sri Padmanabha Swamy Temple. As a result of this the Chief 'tunthri' (priest)and his assistants were changed and persons well-versed in performing 'tantra' and 'manthra' were appointed . The Decisions

were made in consultation with the members of the Sabha (Council) constituted for the purpose.

991-ാംമാണ്ട് കാർത്തികമാസം 5-ാം തീയതി പെരുമാൾ ശ്രീ പത്മനാഭപെരുമാൾ ക്ഷേത്രത്തിൽ പഞ്ചകവിയം ശാന്തിക്ക് (പൊടിവ്) ദേശികളിൽ കല്ലിടാരടി ചംകരനാരായണൻ പരമേശ്വരനെക്കൊണ്ടു കീഴിയക്കംശാന്തി ചെയ്തു പോരുംവണ്ണം ശാന്തിചെയ്യിച്ചുകൊള്ളുമാറും ചോതി തിരുനാൾ തിരു അവതാരം തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ. വീരബാലരാമവർമ്മരായ ചിറവായ് മൂത്ത തിരുവടി ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും തിരുവുള്ളം പറ്റിയരുളി കൽപ്പിച്ച് തേയാരിളയേടത്തു അക്കിരമൻ നാരായണൻ ചെമ്പരാന്തക പെരിയ ഇരുന്നരുളിയേടത്തിലെ ഉയർത്തിമാറ് പെരിയ ചിഷ്യന് അഞ്ചു ചുറ്റി അഞ്ചുകെട്ടി വരവാൻഅരുളി ചെയ്ത പടി ചീട്ട് ഒന്നും തിരുവനന്തപുരത്തു സഭയിൽ അവർകൾക്കു മൂന്നു കെട്ടി വരവാൻ അരുളി ചെയ്ത പടി ചീട്ട് ഒന്നും ക്ഷേത്രകാര്യം ചെയ്യും പേർകൾക്ക് ടി വകപ്പടി വരവാൻ അരുളിചെയ്ത പടി ചീട്ട് ഒന്നും ശ്രീ കരണം പള്ളിയാടി ഈശ്വരൻ നാരായണന് ടി വകപ്പടി വരവാന അരുളിചെയ്ത പടി ചീട്ടു ഒന്നും കൂട കുറ തീർന്നിരുന്ന തിരുമുൻപിൽ നിന്നും ക്ഷേത്രകാര്യം അമുന്തിരിത്തി നാരായണൻ ചങ്കരൻ ഇളകി തിരുമുമ്പിൽ ഉണർത്തിച്ച് സഭയിൽ അവർകളോടും മൂപ്പുവഴി തനി തനിയെ ചോദിച്ച് തേയാരി വശം ഇരുന്നരുളി ചെയ്ത പടി നീട്ട് 4-ം വാങ്ങി വകുപ്പടിയേവച്ച് വക പെരിയ ഇരുന്നരുളിയേടത്തിലെ ഉണർത്തിക്കുമാറ് ചെറിയ ചിഷ്യന് അഞ്ചു ചുറ്റി അഞ്ചുകെട്ടി വരവാൻ അരുളി ചെയ്ത പടി നീട്ട് ഒന്നും തിരുമുമ്പിൽ വച്ച് ആവണമേൽ വൈക്കയിൽ സഭയിൽ അവർകൾക്കും മൂന്നു ചുറ്റി മുന്നു കെട്ടി വരവാൻ അരുളി ചെയ്ത പടി നീട്ട് ഒന്നും സഭ നടുവിൽ വയ്ക്കുകയും ചെയ്ത കാരിയം ചെയ്യും പേർകൾക്ക് ടി വകപ്പടി വരവാന നീട്ട് ഒന്നും ടിയാൻ കയ്യിൽ വച്ചു കൊള്ളുകയും ശ്രീ. കരണം പള്ളിയാടി ഈശവരൻ നാരായണന് ടി വകപ്പടി വരവാന നീട്ടു ഒന്നും ടിയാന്റെ ഒലിയൽ മടിയിൽ ഇട്ടുകൊടുക്കകയും ആക നീട്ടു നാലും വാങ്ങിയ വകപ്പടിയെ വച്ച പിർപാകം തിരുമുൻപിൽ ഉണർത്തിക്കുമാറ് വന്ന നീട്ട് ഒന്നും ടിയിൽ പെരിയ ചിഷ്യ മൂന്നും പിറപ്പുകൃഷ്ണൻ കൃഷ്ണൻതിരുമുൻപിൽ ഉണർത്തിച്ചു സഭയിൽ അവർകളോടും തനീ തനീയെ ചോദിച്ച തിരുമുൻപിൽ ആവണമേൽ വച്ച് ചീട്ടുഎഴുത്തു കണക്ക് മാതേവൻ മാതേവന്റെ ഓലിയൽ മടിയിൽ ഇട്ടു.

മതിലകം
ചുരുണ 2549
ഓല 111

Document No. 7

DISTRIBUTION OF GIFTS ON BIRTH DAYS

Gifts and feasts were served on the birth day of Swati Tirunal in 992 M.E. (1817 A.D.) as usual. The details of the ceremonices were sent to Resident

Col. Munro and he was pleased to grant concurrence. Orders were issued accordingly to intimate this matter to all concerned regarding the celebration.

992-ാം മാണ്ട് ആനിമാസം 7-ാം തിയതി കൊച്ചുമ്മിണിയുടെ പിറന്നാളിനു ദാന ധർമ്മങ്ങൾ മുതലായതും സദ്യസും വെണ്ടും വണ്ണം നടന്ന അവസ്ഥയും വർത്ത മാനവും ബഹുമാനപ്പെട്ട ഗൌൺമണ്ടാർ അവർകൾ ബോധിക്കുന്നതിനു നമ്മുടെ കായസം എഴുതി അയച്ചിരുന്നതിന്റെ ശെഷം ഗവൺമെണ്ടാർ അവർകളൂടെ സന്തോഷപ്രകാരം മറുപടി എഴുതിവന്നു കായിതവും ആയതു നാം ബോധിക്കു ന്നതിനു ഇങ്ങോട്ടു കൊടുത്തയയ്ക്കുന്ന അവസ്ഥകൊണ്ട് കണ്ണൽ എഴുതിയകാ യിതവും ഈ മാസം നാലാം തിയതി കാലത്ത് ഒരു മണിക്കുവന്നു ചേർന്നു നാം വായിച്ചു കെട്ടു വളരെ സന്തോഷമാകയും ചെയ്തു. ഈ സംഗതിക്കു ഗൌൺമെ ണ്ടാർ അവർകളിടെ കായസം വന്നതിന്റെ നക്കൽ എഴുതിച്ചു ആയതും നമ്മുടെ കടുദാസു കർണ്ണൽ ബോധിപ്പിക്കുന്നതിനുകൊടുത്തയച്ചിട്ടും ഒണ്ട് എന്നും ഇക്കാര്യം ചൊല്ലി 992-ാംമാണ്ട് ആനിമാസം 7-ാം തിയതി ദിവാൻ പേഷ്ക്കാർ വെ ങ്കിട്ടരായർക്ക് നീട്ടു എഴുതിവിട്ടു എന്നിതിരുവുള്ളമായ നീട്ടു.

(തുല്യം)

നീട്ട്
വാല്യം നംമ്പർ 7
പുറം 36

Document No.8

VISIT TO TEMPLES

Regent Rani Lekshmi Bai along with Swati Tirunal wanted to visit the important temples in 992 M.E. (1817).But due to lack of time it was postponed and decided to go up to Kanyakumari The Rani issued orders to intimate the details of change in programme to the Resident.

992 -ാം മാണ്ട് ആവണിമാസം 12-ാം തിയതി

നാമും കൊച്ചുമ്മിണിയും മാന്നാത്തു സമർപ്പക്കാവിൽ ചെന്നു തൊഴുതു കൊണ്ട് പോരത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നതിന് ഇപ്പോൾ സമയം ഇല്ലായ്ക കൊണ്ടും അക്കൻ തിരുമനസുകൊണ്ട് (പൊടിവ്) എഴുന്നള്ളി തൊഴുതുകൊണ്ടു പോന്നതിന്റെ ശേഷമായിട്ട് സന്തതി ഒണ്ടായിരിക്കുന്നതാകകൊണ്ടും അതിന് മണ്ണം തന്നെ കന്നി മാകുമാരി വരെക്കും ചെന്നെ തൊഴുതും കൊണ്ട് വരണമെന്നും നിശ്ച(പൊടിവ്)കി ഴക്കോട്ടു പിറപ്പെടണ്ടെന്നതിനു 992-ാം മാണ്ട് ആവണിമാസം 8-ാം തിയതി ദിവസം നിശ്ചയിച്ചിരിക്കകൊണ്ടു ആ ദിവസത്തിനു നാമും കൊച്ചുമ്മുണിയും കൂടെ തിരു വനന്തപുരത്തു നിന്നും പിറപ്പെട്ടു 12-ാം തിയിതി പദ്മനാഭപുരത്ത് ചെന്നു (പൊ ടിവ്) ദിവസവും പാർക്കുംപോൾ ശരീരത്തിനു സൌഖ്യമായിട്ടു കാണുന്നു എങ്കിൽ പൂജവൈയ്പും വലിയ ഗണപതി ഹോമം മുതലായിട്ടുള്ള അടിയന്ത്രങ്ങളും അവി ടെവച്ചുതന്നെ കഴിപ്പിക്കയും ആയതല്ലന്നു വരികി(പൊടിവ്)കന്നിമാകുമാരി വരെയും

ചെന്നു തൊഴുതുകൊണ്ടു പൂജവൈപ്പിനു മുൻപിൽ തിരുവനന്തപുരത്ത് എത്തുകയും എന്നു നിശ്ചയിരിക്കകൊണ്ടു ഈയ്യവസ്ഥകൾക്കു കർണ്ണൽ ബൊധിക്കുന്നതിനും എഴുത്തു കൊടുത്തയച്ചിട്ടും ഒണ്ടു നീയും ഇക്കാര്യം കൽണലുമായിട്ടും ബോധിപ്പിച്ചു അവയ്ക്കു വേണ്ടുന്ന കൊപ്പുകൾകൂട്ടിച്ചു കൊള്ളത്തക്കവണ്ണവും കൊയിക്കൽ കൊട്ടാരങ്ങളും വഴികൾ പാലങ്ങളും ശിക്ഷവരുത്തിച്ചു കൊള്ളത്തക്കവണ്ണവും (പൊടിവു)എഴുതി അയച്ചു നിദാനം വരുത്തി ആയവസ്ഥയ്ക്കും എഴുതിവരണം ഈ വകയ്ക്കു വെങ്കിട്ടരായ ജോൽസ്യരു ദിവസം നിശ്ചയിച്ചുഎഴുതിയിട്ടുള്ള ചാർത്തു ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കുന്നു. നീ 2-ാം തിയതി ചെങ്കോട്ടയിൽ ചെന്ന കർണ്ണലുമായിട്ട് കണ്ട അവസ്ഥക്കൊണ്ടും ബീവിസാവിനു കുറഞ്ഞതൊന്നു സ്വസ്ഥം ഇല്ലാതെയിരുന്നതു വാശിവന്ന സൌഖ്യമായിട്ടു ഇരിക്കുന്നവസ്ഥയ്ക്കും എഴുതിവകരി (പൊടിവ്) സന്തോഷമാകുകയും ചെയ്തു ഇനിയും ബിവിസാമിന്റെ ശരീരസ്തഥിതിയടെ അവസ്ഥയ്ക്കും വർത്തമാനങ്ങൾക്കും കൂടെകൂടെ എഴുതിവരികയും വെണം എന്നും ഇക്കാര്യം ചൊല്ലി ദിവാൻ നാരായണൻ രാമ (പൊടിവ്) എഴുതിവിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട്
വാല്യം നമ്പർ 77
പുറം 253

Document No. 9

PADIYETTAM CEREMONIES: OFFERING OF AN ELEPHANT

At the time of assumption of office as heir apparent Swati Tirunal donated an elephant to Mathilakam (Sri Padmanabha Swamy Temple). Later on, with great reverence he received the falchion (royal sword), the symbol of royal authority from the priest. Further, he visited Perumal temple and Thiruvambadi Sri Krishna temple and offered donations .

989-ാം മാണ്ട് ചിത്തിരമാസം 24-ാംതിയിതി ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ തൃപ്പാപ്പൂർ കീഴ്പ്പേരൂർ ശ്രീ. വീരരാമവർമ്മരായ തിരുവടി ഇരുന്നരുളിയേടത്തിൻ പണ്ടാരത്തിൽ നിന്നും കല്പിച്ചു നാളതു പടിയും പടിയേറ്റവും നിർവഹിച്ചു മേടം രാശി നേരത്തു മതിലകത്തു എഴുന്നള്ളി ആനയും ഉരുവിരുത്തി ചിറവായ് മൂപ്പുക്കൊണ്ട് ദേവകരി ഉടവാളും വാങ്ങിക്കയിൽ പെരിയ പെരുമാൾക്ക് പതക്കവും മറ്റും കാണിക്കവച്ചതായും ടി പണ്ടാരത്തിലെ തിരുനാളിനു കാണിക്കയിട്ടതായും തിരുവംപാടിയിൽ ശ്രീകൃഷ്ണസ്വാമിക്ക് ചാർത്തിവന്ന അങ്കി അഴിച്ചു തീർപ്പിച്ചതായും (പൊടിവ്).

22
മതിലകം ചുരുണ 253
ഓല 811-812

Document No.10

EXPENDITURE CONNECTED WITH INSTALLATION (PATTAM KETTU)

Swati was formally declared as the Raja of Travancore when he was only one year old in 989 M.E (1814).The details of expenditure and the offerings performed in the Sri Padmanabha Temple in this connection are interesting. The Temple treasurer was asked to issue the required receipts for the same, after due consideration.

989 ആവണിമാസം 14-ാം തിയതി ആയില്യം തിരുനാൾ തിരു അവതാരം ചെയ്തരുളിയ ചിറവായ് മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും തിരുവയറുവാണ സ്വാതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ കൊച്ചു പണ്ടാരത്തിലേക്കു ടി മാസം 15-ാം തിയതി പട്ടം കെട്ടുകയിൽ മതിലകത്ത് 12 തുലാപ്പായസവും ചുറ്റുവിളക്കും ചിറപ്പും അനന്തവാഹനത്തിൽ എഴുന്നരുളിക്കുന്ന വകയ്ക്കും കോപ്പുകൾ ഉൾപ്പെട്ട വകയും പണം വരേണ്ട വകയിൽ തെക്ക് മണ്ടപത്തും വാതുക്കൽ മുതൽപിടി ഹരിഹരൻ ഗോപാലകൃഷ്ണൻ ഒടുക്കിയതാക മതിലകത്ത് മുതൽപിടി രംഗൻ പറ്റ് ചീട്ടി കൊടുത്തു പറ്റിയ പണം നുറ്റിമുപ്പത്തി അഞ്ചേമാകാണി.

മതിലകം

ചുരുണ 805

ഓല 28

Document No. 11

FIRST BIRTH ANNIVERSARY OF SWATI TIRUNAL BECOMES PADMANABHADASA

Swati Tirunal had completed one year and so it was decided to make him the heir-apparent by formally conferring upon him the title 'Padmanabhadasa.' The ceremonies connected with the same were conducted in the Sri Padmanabha temple by his mother waiting for sometime in the Perumal Palace on the eastern side of the temple gate. The palace has been considered from early times as the ideal place to conduct the ceremony.

ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ തൃപ്പാപ്പൂർ കീഴ്പ്പെരുർ ശ്രീ. വീരബാലരാമവർമ്മരായ തിരുവടിക്ക് ഒരു വയസ്സ് തികയുന്ന ആട്ടത്തിരുനാൾ ടി മാസം 24-ാംതിയതി ആകയാൽ ടി പണ്ടാരത്തിലെ ശ്രീ പത്നമനാഭ പെരുമാൾക്ക് ദാസനാക നീരും പൂവും വീഴ്ത്തി കൊടുത്തു പടിയും പടിയേറ്റവും നിർവഹിച്ചു ദേവകാരി ഉടവാൾ കൊടുത്തു ചിറവായ് മൂപ്പു വഴങ്ങത്തക്കവണ്ണം നിശ്ചയിക്കപ്പെ

ട്ടുകൊണ്ട് തിരുനാളിനു എഴ് ദിവസം മുൻപിൽ ചിറവായ് മൂപ്പിലെ തിരുനാളിന്റെ പടിത്തരത്തിൽ പടിയൊള്ള അടിയന്ത്രങ്ങൾ ഒക്കെയും തുടർന്ന് തുടങ്ങത്തക്കവണ്ണം നിശ്ചയിച്ചു ആയില്യം തിരു അവതാരം ചെയ്തരുളിയ ചിറവായ മുത്ത അമ്മ പണ്ടാരത്തിൽ നിന്നും കിഴക്കും ഗോപുരവാതുക്കൽ പെരുമാൾ കൊട്ടാരത്തിൽ എഴുന്നരുളി ഇരുന്നു അധികാരപദാർത്ഥം കൊടുത്തു.

മതിലകം
ചുരുണ 1053
ഓല147-155

Document No.12

NAVARATHRI POOJA AT PADMANABHAPURAM

This document deals with the royal trip of Regent and her son Swati Tirunal in 992 M.E. (1817)from Trivandrum to Kanyakumari and their halts at Kuzhithurai, Padmanabhapuram, etc. At Padmanabhapuram the yearly 'Navarathri Pooja' was coducted in a befitting manner. This is an annual religious festival celebrated during the first ten days of the Malayalam month of Kanni.

992-ാം മാണ്ട് ആവണി മാസം 16-ാം തീയതി

നാമും കൊച്ചുമ്മിണിയും 8-ാം തീയതി തിരുവനന്തപുരത്തുനിന്നും പിറപ്പട്ടു അന്നു നെയ്യാറ്റുംകരയും 9-ാം തീയതി മുതൽ 11-ാം തിയതി വരെ കുഴിത്തുറയും താമസിച്ചു 12-ാംതീയതി പത്മനാഭപുരത്തു എത്തി നീലകണ്ഠസ്വാമികോവിൽ മുതലായ ക്ഷേത്രങ്ങളിൽ തൊഴുകയും ചെയ്തു. പൂജവയ്പ്പും വലിയഗണപതി ഹോമവും പത്മനാഭപുരത്തു വച്ചുതന്നെ കഴിപ്പിക്കണമെന്നു നമുക്കു മനസ്സായിരിക്കകൊണ്ടു ആ വകയ്ക്കു ജോൽസ്യൻമാരെക്കൊണ്ടു മുഹൂർത്തം വിചാരിപ്പിച്ചു എഴുതിച്ചിട്ടുള്ള ചാർത്തു ഇതിനൊടുകൂടെ കൊടുത്തയച്ചിരിക്കക്കൊണ്ടും അതിന് മണ്ണം പൂജവയ്പ്പിനും വലിയഗണപതിഹൊമം വകയ്ക്കും പതിവിൻപ്രകാരം ഉള്ള കൊപ്പുകളും കൂട്ടിച്ചു പത്മനാഭപുരത്തു വച്ചു തന്നെ അടിയന്ത്രം വേണ്ടും പ്രകാരം കഴിവാൻ തക്കവണ്ണം നിദാനംവരുത്തി ആയവസ്ഥയ്ക്കു എഴുതിവരികയും വെണം എന്നും ഇക്കാര്യം ചൊല്ലി ദിവാൻ നാരായണൻ രാമനു നീട്ടു എഴുതിവിടു എന്നു തിരുവുള്ളമായ നീട്ടു

(തുല്യം)

നീട്ട്
വാല്യം 77. പുറം 84

Document No13

AKSHARARAMBHAM CEREMONY

In Travancore the royal wards were given customary education in the palace itself .It was known as 'Akshararambham'. Swati Tirunal was also given such training at an early age. It was started in 994 M.E (1819)at an auspicious time after making asstrological caculations.

994-ാംമാണ്ട് വൈകാശി മാസം 15-ാം തീയതി വ്യാഴാഴ്ചയും, തിരുവാതിര നക്ഷത്രവും, പൂർവ്വപക്ഷത്തു ത്രിതിയയും ഗണ്ഡനിത്യയൊഗവും ആനക്കരണവും കുടിയ ദിവസം അന്നുദിച്ച് പത്തു നാഴികയ്ക്കുമെൽ-പതിമൂന്ന്നാഴികയ്ക്കകം കർക്കടകം രാശിയിൽ സ്വാതിതിരുനാൾ തിരുമനസ്സിലേയ്ക്ക് അക്ഷരാംഭത്തിന് മുഹൂർത്തം.

ശുഭം

നീട്ട്
വാല്യം 12 പുറം 152

Document No 14

POSTPONEMENT OF POOJA IN 'THIRUVARATTUKAVU'

Thiruvarattukavu Bhagavathi Temple; near Attiingal has been the centre where the rulers used to visit for 'Ariyittuvazhcha' ceremony from time immemorial. In 994 M. E. it was formally decided to visit the temple for its performance. But due to climatic conditions it was decided to postpone the cermemonies to the ensuing year. It is an annual ceremony performed by the Maharaja at Thirvarattukavu temple near Attingal. The date fixed for the function was the tenth day of Makaram. An elephant was dedicated to the deity as an atonememt for non-performance of the ceremony in time

നാമും കൊച്ചുമ്മിണിയും മകരമാസത്തിൽ ആററിങ്ങൽ എത്തി തിരുവാറാട്ടുകാവു ക്ഷേത്രത്തിൽ പതിവിൻപ്രകാരംഅരിയിട്ടുവാഴ്ച മുതലായ അടിയന്ത്രം കഴിക്കെണ്ടുന്നതിനും ഇപ്പോൾ വെനലും മഞ്ഞും തുടങ്ങിയിരിക്കുന്നതിനാലും കുറെ ശെശ ദീനങ്ങൾ ഒള്ള പ്രകാരം കെൾക്കക്കൊണ്ടും അടുത്തയാണ്ടിൽ ചെന്നു ആനയും ഉരുവിരുത്തി അടിയന്ത്രം കഴിച്ചുകൊള്ളാമെന്നും അത്രെ നിശ്ചയിച്ചതു. ഈ സംഗതി കർണ്ണൽ ബൊധിക്കുന്നതിനു എഴുത്തു കൊടുത്തയച്ചിട്ടുണ്ട്. ഇക്കാര്യം ചൊല്ലി 994-ാമാണ്ട് മാർകഴി മാസം 24-ാം തിയതി ദിവാൻ ജനാർദ്ദനരായർ വെങ്കട്ടരായർക്ക് നീട്ടു എഴുതിവിടു എന്നു തിരവുള്ളമായ നീട്ടു.

(തുല്യം)

നീട്ട്
വാല്യം 96 പുറം 186

Document No.15

OFFERINGS (KANIKKA) TO TEMPLE

Swati Tirunal Ramavarma, his younger brother Uthram Tirunal Martandavarma, Pandalam Thampuran and others had offered 'Kanikka' on many occasions to temples. It was usual in Travancore to perform such charitable donations to temples, especially by the royal family, on important occasions.

ചോതി തിരുനാൾ തിരുമനസ്സുകൊണ്ടും ഉത്രട്ടാതി തിരുനാൾ ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും ഉത്രം തിരുനാൾ ഇളയ പണ്ടാരത്തിൽ നിന്നും പന്തളത്തു ഇളയ തമ്പുരാൻ കൽപ്പിച്ചും പല തീയതികളിലായി കാണിക്ക ഇട്ടതിനും കരുവേലത്തു കണക്കെഴുതുന്ന വേലുപിള്ളപേരിൽ മേൽപ്പടിയാൻ നീട്ടെഴുതി കെട്ടേണ്ടുന്നതാകയാൽ പൈങ്കുനി തിരുവുൽസവത്തിന്റെ അനുജ്ഞയ്ക്കു പെരിയസ്വാമിയാരെ ഉണർത്തിക്കുന്നതിനു പെരിയ ശിഷ്യന് ഒരു നീട്ടും സഭയിലവർകൾക്കു ഒരു നീട്ടും ക്ഷെത്രകാര്യത്തിനു ഒരു നീട്ടും ശ്രീകരണത്തിന് ഒരു നീട്ടും ഇപ്രകാരം നാലു നീട്ടും രാശിയും വച്ചു എഴുതി മടക്കിക്കെട്ടി തുല്യം ചാർത്തുവാൻ കൊടുക്കെണ്ടുന്നതിനു മേൽപ്പടിയാന് പരിചയം ഇല്ലെന്നും വച്ചു മേൽപ്പടിയിൽ കീഴ്കൂട്ടം കണക്കെഴുത്തുകാരനെയും മറ്റും കൊണ്ട് എഴുതിച്ചതിൽ സഭയിലവർകൾക്കു നീട്ടും എഴുതാതെ വിട്ടുകളഞ്ഞതിനും മറ്റും ടിയാനെ കൊണ്ടു പിഴയേറ്റ് കൈച്ചീട്ടും എഴുതി വയ്പ്പിച്ചു 12 തുലാപ്പായസം പിഴയ്ക്കു പരിക്കയും വയ്പിച്ചതിനും മാവേലിക്കര കൊച്ചുതമ്പുരാനും കിളിമാനൂർ കോയിത്തമ്പുരാനും ചങ്ങനാശശേരി കോയിത്തമ്പുരാനും മറ്റും കാണിക്ക ഇട്ടതിനും ഭദ്രദീപത്തിന പൊന്നും കുടം കാണിക്ക വയ്ക്കേണ്ടതിന് ആയില്യം തിരുനാൾ ആറ്റങ്ങൽ ഇളയ അമ്മ പണ്ടാരത്തിൽ നിന്നും തിരുവയറു വാണു 28-ാം തിയതി വരെ തിരുവാലായ്മ തീർന്ന് ചോതി തിരുനാൾ തിരുമനസുകൊണ്ട് കാണിയ്ക്ക വച്ചതിനും ഉതൃട്ടാതി ആട്ടത്തിരുനാളിനും തിരുവേട്ടയ്ക്കും ആറ്റിങ്ങൽ മൂത്ത അമ്മ പണ്ടാരത്തിൽനിന്നും ചോതി ആട്ടത്തിരുനാളിനും തിരുൽസവങ്ങൾക്കും ഭദ്രദീപങ്ങൾക്കും ചോതി തിരുനാൾ തിരുമനസുകൊണ്ടും കാണിക്ക ഇട്ടതിനും വിവരം

മതിലകം
ചുരുണ 256, ഓല 454

Document No.16

DONATIONS TO TEMPLE AS PART OF "PATTATHANAM AND PERUMTHIRAMRUTHU POOJA"

The rulers of Travancore and the royal household used to give donations to Sri Padmanabha Swamy temple on the occasion of conferring titles and honours to eminent personalities and other important occasions . This prac-

tice was usual even during special poojas also. In 995 M.E (1820) Swati Tirunal and his brother Uthram Tirunal performed such ceremonies.

ചോതിതിരുനാൾ വലിയ തമ്പുരാൻ കൽപ്പിച്ച് 995-ാംമാണ്ട് തൈമാസം 4-ാം തിയതി പെരുന്തിരു അമൃതപൂജ പ്രമാണിച്ചും 14-ാം തീയതി രോഹിണി പട്ടത്താനം പ്രമാണിച്ചും കാണിക്ക ഇടുവിക്കയും ചോതിതിരുനാൾ തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരബാല വർമ്മരായ ചിറവായ് മൂത്ത തിരുവചിയും ഉതൃട്ടാതി തിരുനാൾ ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിലും ഉത്തിരം തിരുനാൾ തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരബാലവർമ്മരായ ചിറവായ് മൂത്ത തിരുവടിയും ഉതൃട്ടാതി തിരുനാൾ ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിലും ഉത്തിരം തിരുനാൾ തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരബാലമാർത്താണ്ഡവർമ്മരായ ഇളയ പണ്ടാരത്തിലും കൂടി മുൻതൈമാസം 19-ാം തീയതി കൊല്ലത്തു എഴുന്നരുളി തിരിയെ തിരുവനന്തപുരത്തുമതിലകത്ത് എഴുന്നരുളി മാശിമാസം 3-ാം തീയതി മൂത്ത പണ്ടാരത്തിൽ നിന്നും പണം 24 -ാം(പണം ഇരുപത്തിനാലു)കാണിക്ക ഇട്ടതായും പൈങ്കുനി മാസം 19-ാം തീയതി കൊച്ചിയിൽ ദിവാൻ നഞ്ചപ്പയ്യൻ കാണിക്ക ഇട്ടതായും ടി മാസം 25-ാം തീയതി മാവേലിക്കര എഴുന്നള്ളി പാർക്കുന്ന അമ്മ തമ്പുരാൻ കാണിക്ക വച്ചതായും 27-ാം തീയതി കിളിമാനൂർ കോയിപ്പണ്ടാല കാണിക്ക വച്ചതായും ചിത്തിരമാസം 18-ാം തീയതി ചോതി തിരുനാളാകയാൽ കല്പിച്ച കാണിക്ക ഇട്ടതായും ടി മാസം 6-ാം തീയതി തിരുനൽവേലിയിൽ നിന്നും തിരുവനന്തപുരത്തു വന്നു പാർക്കുന്ന പൊട്ടുലർ(ബട്ട്ളർ)മുത്തു കറുപ്പൻ ചുടല മുത്തുവിന്റെ കാണിക്കയായിട്ട് പെരുമാൾ ശ്രീപത്മനാഭ പെരുമാൾക്ക് നാൾ ഒന്നിന് 14 ഇടങ്ങഴി (കാൽഇടങ്ങഴി)അരി വീതം തൃപ്പടിയിൽ ദാനം ചെയ്യാൻ ശ്രീ പണ്ടാരവകയിൽ നിന്നും ടി യാൻ ഒറ്റി വാങ്ങിച്ച നിലത്തിന്റെ പതിവുചീട്ടും ദാന പ്രമാണഓലയും തൃപ്പടിയിൽ ദാനം ചെയ്യുപോൾ പെരിയ പെരുമാൾക്കും മറ്റും കാണിയ്ക്ക വച്ചതായും വിവരം.

മതിലകം
ചുരുണ253,
ഓല 901

Document No.17

SALARY TO SWATI TIRUNAL'S PERSONAL ATTENDANT

Ambalapuzha Ramavarma, the personal attendant of Swati Tirunal was given an amount of Ps.250 p.m. in addition to an annual grant of Ps. 360. As such orders were issued accordingly in 995 M.E. by the Regent.

കൊടുത്തുട്ട സാധനവും വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു ചോതിനാൾ കൊച്ചുമ്മിണിയുടെ കൂടെ വിചാരിപ്പിനു ആക്കിയിരിക്കുന്ന അമ്പലപ്പുഴ രാമ വർമ്മന് ശംബളം ഇന്ന പ്രകാരമെന്ന് നിശ്ചയിച്ചു വച്ചു കൊടുത്തിട്ടില്ലാത്തതിനാൽ മുൻപിൽ കിളിമാനൂർ പപ്പുവിന് നിത്യചെലവിൽ നിന്നു മാസം ഒന്നിനു നൂറുപണം വീതം കൊടുത്തുവന്നതാകകൊണ്ടും ആയതു കൂടാതെ 150 പണം (നൂറ്റിഅൻപതു പണം)

കൂടെകൂട്ടി മാസം ഒന്നിന് 250 പണവും (ഇരുന്നൂറ്റി അൻപത് പണം)ഇപ്പേൾ രാമ വർമ്മനു പല്ലക്കടുത്തൂൺ വച്ചിരിക്കുന്നതു കൂടാതെ പപ്പുവിനു കൊടുത്തു വന്ന വർഷാശനം പണം 360-ാ(മുന്നൂറ്റി അറുപതു പണം)അരിയും കോപ്പും രാമവർമ്മന് ആക്കിയ നാൾ മുതൽക്ക് പതിവച്ചു കൊടുപ്പാനുള്ളതാകുന്നു എന്നും അല്ലോ എഴു തിവന്നതിലാകുന്നു. അതിൻമണ്ണംതന്നെ രാമവർമ്മന് ഇപ്പോൾ പല്ലക്കടുത്തൂൺ വച്ചിരിക്കുന്നതു കൂടാതെ മാസം ഒന്നിനു 250 പണം (ഇരുന്നൂറ്റി അൻപതു പണം) വീതം ശംബളവും കിളിമാന്നൂർ പപ്പുവിന് കൊടുത്തു വന്ന വർഷാശനം പണം 360-ാ (പണം മുന്നൂറ്റി അറുപതും)അരിയും കോപ്പും രാമവർമ്മന് ആക്കിയ നാൾ മുതൽക്ക് പതിവു വച്ചു കൊടുപ്പാൻതക്കവണ്ണം നിദാനം വരുത്തി കൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 995-മാണ്ട് വൈകാശി മാസം രണ്ടാം തിയതി ദിവാൻ ജനാർദ്ദനരായർ വെംകിട്ടരായർക്ക് നീട്ട്.

(തുല്യം)

നീട്ട്
വാല്യം 96, പുറം 302

Document No.18

AWARD GIVEN AS PART OF 'MURAJAPAM FESTIVAL'

During 'Murajapam festivel' scholars from Thrissur, Thirunavaya etc., used to perform ritual ceremonies. In 997 M.E. (1822) also such functions were conducted as before. After the successful completion of these ceremonies 'Kalabha Kalasam' was conducted as purification in the Sri Padmanabha Swamy Temple. The "tanthries" who participated in it including that of "Tharananallur" were presented with awards (Paditharam)for their service on the occasion.

പെരുമാൾ ശ്രീ പത്മനാഭ പെരുമാൾ ക്ഷേത്രത്തിൽ ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരബാലരാമവർമ്മരായ ചിറവായ് മൂത്ത തിരുവടി ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും കല്പിച്ച് തൃശ്ശിവപേരൂരും തിരുനാവായയും രണ്ടു യോഗത്തിംകൽവാദ്ധ്യാൻമാർ വൈദി കൻമാർ ഉൾപ്പെട്ട നമ്പൂരിമാരെ വരുത്തിച്ച് 997-ാംമാണ്ട് കർത്തികമാസം 5-ാം തീയതി മുതൽ മുറജപം തുടങ്ങിക്കയിൽ മുറജപത്തോട് പെരുമാൾ ശ്രീ പത്മ നാഭ പെരുമാൾക്കും തെക്കേടത്ത് ശ്രീ നരംസിംഹപെരുമാൾക്കും കൂടെ 12 ദിവ സത്തെ കളഭകലശവും തിരുവാം പാടിയിൽ ശ്രീ കൃഷ്ണസ്വാമിക്ക് ഒരു ദിവസത്തെ കളഭകലശവും പൂജിച്ച് ആടി അരുളവേണ്ടതിനും 997-ാം മാണ്ട് മാർകഴിമാസം 10-ാം തീയതി ശ്രീ മഹാഭാരതകോണത്തു എട്ടരയോഗം കൂടി അനുജ്ഞയും കൊണ്ടരുളി ശ്രീ വേദവ്യാസരുകോണത്തു യോഗം കൂടി തന്ത്രിക്ക് കൂറവപ്പിതവും കൊടുത്തു ടി മാസം 12-ാം തീയതി മുതൽ പെരുമാൾ ശ്രീ പത്മനാഭപെരുമാൾക്കും

തെക്കേടത്ത് ശ്രീ നരസിംഹാനന്ദപെരുമാൾക്കും തന്ത്രി തരണനല്ലൂർ ഗോവിന്ദൻ ഗോവിന്ദരെകൊണ്ടു കളഭകലശം പൂജിപ്പിച്ചു ആടി അരുളി വരുംപോൾ ടി മാസം 13-ാം തീയതി വരെ 3 ദിവസത്തേക്ക് കളഭകലശം കഴിഞ്ഞതിന്റെ ശെഷം ടി മാസം 14-ാം തീയതി ഉഷാകാലെ നമ്പിമാരും കീഴ്ശാന്തിമാരും കുളിച്ചുവന്ന് എതിരത്തെ നിർമ്മാല്യവും വാങ്ങി തെക്കെകിണറ്റിൽ നിന്നും നീർകാപ്പും കോരി അഭിഷേകവും കഴിച്ച് മലരുനിവേദ്യവും കഴിഞ്ഞതിന്റെ ശെഷം ഉഷാപൂജയും മുൻപിൽനിന്നും തെക്കേകിണറ്റിൽ നിന്നും കീഴ്ശാന്തിമാര് നീർ കാപ്പും കോരി വരുംപോൾ ടി കിണറ്റിൽ അശുദ്ധി ആകയാൽ പശുദാനവും പുണ്യാഹവും കഴിച്ചു നാളതു ഉഷാപൂജയും കഴിച്ച് നാൾവഴിയും പൂജയും ശിവേലിയും നടന്നുവരവെ ടി മാസം 18-ാം തീയതി ശ്രീ മഹാഭാരതകോണത്തു എട്ടരയോഗം കൂടി അനുജ്ഞയും കൊണ്ടരുളി ശ്രീ വേദവ്യാസരുകോണത്തു വച്ചു തന്ത്രിക്ക് കൂറവപ്പിതവും കൊടുത്തു നാളതു അസ്തമിച്ച് പ്രാസാദശുദ്ധി ആകെ ആയിട്ടുള്ള ക്രിയകളും തുടങ്ങി ടി മാസം 22-ാം തീയതി പെരുമാൾ ശ്രീ പത്മനാഭപെരുമാൾക്ക് കലശം 12-ാം തിയതി പെരുമാൾക്ക് കലശം 12-ാം തിരുവാംബാടിയിൽ പ്രസാദശുദ്ധി ആദിയായിട്ടുള്ള ക്രിയകളും കഴിച്ച് ശ്രീകൃഷ്ണസ്വാമിക്ക് കലശം 25-ം പൂജിച്ച് ആടി അരുളിശേഷം ടി മാസം 22-ാം തീയതി തെക്കേകിണറ്റിൽ പുറയിൽ ഗോനിവാസവും 23-ാം തീയതി ഗനാതിയും അരുളകശാന്തിയും ഉൾപ്പെട്ട ക്രിയകളും കഴിച്ച് അവിടെവച്ച് 12 മലയാളർക്ക് പാൽപായസവും കാൽ കഴിച്ചൂട്ടും കഴിപ്പിച്ച് ശേഷം ടി മാസം 24-ാം തീയതി മുതൽ 29-ാം തീയതി വരെ നാള് 7ക്ക് ഭദ്രദീപത്തോടുള്ള കളഭകലശവും പൂജിച്ച് ആടി അരുളി തൈമാസം 5-ാം തിയതി പെരുന്തിരമൃതു പൂജയും കലശവും കഴിഞ്ഞതിന്റെ ശെഷം ടി മാസം 7-ാം തിയതി അനുജ്ഞയും കഴിച്ച് തന്ത്രിക്ക് കുറവാപ്പിതവും കൊടുത്തു 8-ാം തിയതി ശ്രീപത്മനാഭപെരുമാൾക്കും തെക്കേടത്തു നരസിംഹാനന്ദൻ പെരുമാൾക്കും നാള് 12-ക്കു മുറജപം വക കളഭകലശം പൂജിച്ച് ആടി അരുളിയ വകക്ക് എഴുതിയ പടിത്തരം

മതിലകം
ചുരുണ 1053
ഓല 223-224

Document No.19

GYMNASIUM FOR SWATI TIRUNAL AND UTRAM TIRUNAL

In 998 M.E. (1823) a Kalary (gymnasium) was constructed near Sri Padathu Koyickal Palace' to impart physical training to Swati Tirunal and his brother Utram training Tirunal. The total expenditure for its construction was Panams 1370 and a quarter.

998-ാം മാണ്ട് അല്പശിമാസം രണ്ടാം തിയതി

കൊടുത്തുട്ട സാധനവും വായിച്ചു കെട്ടവസ്ഥയും അറിഞ്ഞു. ചോതിതിരുനാൾ കൊച്ചുമ്മിണിയും ഉത്രംനാൾ കുഞ്ഞിനും കച്ച കെട്ടുന്നതിനായിട്ടു ശ്രീപാദത്തു കൊട്ടാരം സമീപിച്ച് ഒരു കളരി തീർപ്പിക്കേണ്ടതിനു തിരുവനന്തപുരം മണ്ടപത്തും വാതുക്കൽ തഹസീൽദാരനുമായിട്ട് പറഞ്ഞു അടങ്കൽ കാണിച്ചാറെ ആവകയ്ക്കു മരവില പണിക്കൂലി ഇരുമ്പുവില ഉൾപ്പെടെ ഉദ്ദേശമായിട്ടു 1370 1/4 (ആയിരത്തി മുന്നൂറ്റി എഴുപതെകാൽ)പണത്തിനു വര്യോല എഴുതി ഇരിക്കുന്ന അവസ്ഥ നമ്മെ ബൊധിപ്പിച്ചതിന്റെ ശെഷം അതിൻമണ്ണം പണച്ചെലവു ചെയ്തു കളരി വെഗത്തിൽ തീരുവാൻ തക്കവണ്ണം നിദാനം വരുത്തണമെന്നും നാം പറഞ്ഞ സർവാധികാരം ഇരവിപ്പിള്ള 17-ാം തീയതി എഴുതിയ സാധനവും വര്യോലയും വന്നിരിയ്ക്കകൊണ്ടു വര്യോല പ്രകാരം ഒള്ള പണം കൊടുക്കുന്നതിനു ഹജ്ജൂർ ഖജനാവിൽ ശ്രാപ്പു സുബ്രഹ്മണ്യപിള്ളയുടെ പെർക്ക് നിനവ് കൊടുത്തയക്കണ്ടുന്ന അവസ്ഥ കൊണ്ടല്ലൊ എഴുതിവന്നതിലാകുന്നു അതിൻമണ്ണം തന്നെ പണം ആയിരത്തിമുന്നൂറ്റെഴുപതേകാലും കൊടുക്കേണ്ടുന്നതിനു ശ്രാപ്പിന്റെ പെർക്ക്എഴുതിയിട്ടുള്ള നിനവ് ഇതിനെയടുകൂടെ കൊടുത്താച്ചിരിക്കകൊണ്ടു അപ്രകാരം പണവും കൊടുപ്പിച്ചു കളരി വെഗത്തിൽ തീർപ്പാൻതക്കവണ്ണംനിദാനം വരുത്തി കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 998-ാം മാണ്ട് അല്പശിമാസം 2-ാം തീയതി ദിവാൻ ഗുണ്ഡൊപണഡിതൻ വെങ്കിട്ടരായർക്കു നീട്ടു എഴുതിവിടൂ എന്നു തീരുവുള്ളമായ നീട്ട് .

തുല്യം

നീട്ട്
വാല്യം 16 പുറം 49

Document No. 20

REMEDIAL MEASURES FOR KUHUDOSHAM

According to astrological observations it was detected that by 999 M.E (1824). Swati Tirunal had to face certain difficulties viz, Kuhudosham'. So it was decided to remove it by undertaking certain remedial measures .

999-ാംമാണ്ട് മാശിമാസം 11-ാം തീയതി.

കൊടുത്തുട്ട സാധനവും വായിച്ചു കെട്ടവസ്ഥയും അറിഞ്ഞു. മാർകഴി മാസം 19-ാം തിയതി കറുത്ത വാവും നാൾ ചൊതി നാൾ കൊച്ചുമ്മിണിയുടെ ലഗ്നത്തിൽ കുഹു ദോഷം ആകകൊണ്ടു ആ ദോഷപരിഹാരത്തിനായിട്ടു ഒരു ശാന്തി നിശ്ചയിച്ചു കഴിപ്പിക്കണമെന്നും നാം പറഞ്ഞു. ശാസ്ത്രിമാരുമായിട്ടു വിചാരിച്ചാറെ ഈ വകയ്ക്കു കുഹുദാനവും അതിനോടു ചേർന്നിട്ടുള്ള ശാന്തിയും കഴിപ്പാനൊള്ളതെന്നും പറഞ്ഞതിനാൽ ആ സംഗതി നമ്മെ ബോധിപ്പിച്ചു നാം പറഞ്ഞ പ്രകാരം വെണ്ടുന്ന വട്ടങ്ങളും കൂട്ടിച്ചു 19-ാംതീയതി തന്നെ കുഹു പ്രതിമദാനവും

കുഹുശാന്തിയും കഴിപ്പിച്ചു ആ വകയ്ക്ക് ചിലവുള്ള പണത്തിന് നിത്യച്ചിലവിൽ പിള്ളമാരെക്കൊണ്ടു വര്യോല എഴുതിച്ചു കൊടുത്തയയ്ക്കുന്നു എന്നു സർവാധി കാര്യം കൃഷ്ണൻ നമ്പി മാർകഴി മാസം 20-ാം തീയതി എഴുതിയ സാധനം വരി കകൊണ്ടു ഈ വകയ്ക്കുള്ള വര്യോല പ്രകാരം ചിലവുള്ള പണം 1526 3/4- (ആ യിരത്തി അഞ്ഞൂറ്റിഇരുപത്തിആറേമുക്കാൽ പണം) കൊടുത്തയക്കുന്നതിനു ഹജൂർ ഖജനാവിൽ ശ്രാപ്പിന്റെ പെർക്ക് നിനവ് കൊടുത്തയക്കണമെന്നല്ലൊ എഴുതി വന്ന തിലാകുന്നു അതിൻമണ്ണം തന്നെ ആവകപ്പണം ആയിരത്തി അഞ്ഞൂറ്റി ഇരുപത്തി ആറേമുക്കാലും കൊടുക്കണ്ടെന്നതിനു ശ്രാപ്പു സുബ്രഹ്മണ്യപിള്ളയുടെ പെർക്കു എഴുതീട്ടുള്ള നിനവ് ഇതിനൊടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ടു അപ്രകാരം പണം കൊടുപ്പിച്ചയച്ചു കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 999-ാ മാണ്ട് മാശിമാസം 8-ാം തീയതി ദിവാൻ ഗുണ്ഡോപണ്ഡിതൻവെങ്കിട്ടരായർക്ക് നീട്ടു എഴുതിവിടു എന്നു തിരുവുള്ളമായ നീട്ടു.

(തുല്യം)

നീട്ട് 141.
പുറം

Document No.21

THE DONATION (KANIKKA)TO SRI PADMANABHA SWAMY TEMPLE

On all auspicious occasions the erstwhile rulers of Travancore and their relatives and friends used to donate some valuable items, such as gold or coins, to Sri Padmanabha. Swati Tirunal, his brother, mother and others including the newly appointed Dewan offered such donations to the Lord with high esteem and reverence.

ചോതി തിരുനാൾ തിരുമനസ്സുകൊണ്ടും ഉതൃട്ടാതി തിരുനാൾ ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും ഉത്രം തിരുനാൾ കൊച്ചു പണ്ടാരത്തിൽ നിന്നും പല പ്പോഴും കാണിക്ക ഇട്ടതിനും കിളിമാനൂർ കോയിക്കൽ തമ്പുരാനും പന്തളത്ത് തമ്പുരാനും കാണിക്ക ഇട്ടതിനും ചിത്തിര മാസം 13-ാം തീയതി ഉത്രം തിരുനാൾ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് കരുപ്പുകോയിക്കൽവച്ച് തിരുമായംബിന് എഴു ന്നള്ളുകയിൽ കാണിക്ക വച്ചതിനും പെരിയ പെരുമാളുടെ ശീവേലി ബിമ്പത്തിൽ ജടിബന്ധം ഇളകിപോകയിൽ ചെല്ലം വകയിൽനിന്നും പുത്തനായി പീഠം വാർത്തു കൊണ്ടുവന്നു വാഹനത്തിൽ വച്ച് ജടീബന്ധം ഉറപ്പിച്ചതിനും മാശി 25-ാം തീയതി ഇങ്കീരിചീചുപ്പരായർക്ക് ദിവാൻ ഉദ്യോഗം കൊടുപ്പാൻ നിശ്ചയിക്കയിൽ ടിയാൻ പെരിയ പെരുമാൾക്കും കാണിക്കയായി പതക്കവും മറ്റും വച്ചതിനും 26-ാം തീയതി ആയില്യം തിരുനാൾ ഇളയമ്മ പണ്ടാരത്തിൽ നിന്നും തിരുനാളാകയാൽ കാണി ക്ക ഇട്ടതിനും ആടി മാസം 22-ാം തീയതി ചോതി തിരുനാൾ തിരുമനസ്സു കൊണ്ട്

ചന്നപട്ടണത്തു നിന്ന് ഗവർണ്ണർ സായ്പ് അവർകൾ ടി മാസം 25-ാം തീയതി കൊല്ലത്തു വരുന്ന പ്രകാരം എഴുതിവന്നു ആയതിനു കൂടികാഴ്ചയക്കായിട്ടു കൊല്ലത്തു എഴുന്നള്ളുകയിൽ മതിലകത്തു കാണിക്ക ഇട്ടതിനും അരി ചോറു വിറ്റും മറ്റും പണം മുതൽ കൂട്ടിയതിനും പലരും പ്രായശ്ചിത്തം ചെയ്ത വകയിൽ പണം വരവിനും ആയില്യം തിരുനാൾ ആറ്റങ്ങൽ ഇളയമ്മ പണ്ടാരത്തിൽ നിന്നും പഞ്ചിഭജനം തുടങ്ങുകയിൽ കാണിക്ക ഇട്ടതിനും വിവരം.

മതിലകം
ചുരുണ-256
ഓല 1032

Document No. 22

VISIT TO ATTINGAL

In 1002 M.E. (1827) Swati Tirunal performed the 'Ariyittuvazhcha' ceremony in Thiruvarattukavu temple at Attingal. It was customary in Travancore to make offerings to Sri Padmanabha before the Royal sojourn. In addition to the performing dignitary, members of the royal family were also expected to offer donations to Mathilakam. Details of such royal gifts are given here.

1002-ാം മാണ്ട് ആവണിമാസം 1-ാം തീയതി

കാണിക്കനടവരവുവക -ചോതി തിരുമനസ്സുകൊണ്ടും ഉതൃട്ടാതി തിരുനാൾ ആറ്റങ്ങൽമൂത്ത അമ്മ പണ്ടാരത്തിൽ നിന്നും മേല്പടി ഇളയ പണ്ടാരത്തിൽ നിന്നും ഉതൃട്ടാതി തിരുനാൾ കൊച്ചു പണ്ടാരത്തിൽനിന്നും എണ്ണക്കാട്ടു കോയിതമ്പുരാനും പലപ്പോഴായി കാണിക്ക ഇട്ടതിനും തൈമാസം 7-ാം തീയതി ചോതി തിരുനാൾ മറ്റും തിരുമനസ്സുകൊണ്ട് ആറ്റങ്ങൽ കളത്തിൽ അരിയിടുന്ന വകക്ക് എഴുന്നെള്ളു കയിൽ മതിലകത്ത് കാണിക്കയിട്ടതിനും ആനിമാസം 2-ാം തീയതി അയോദ്ധ്യ യിൽ നിന്നും തൊഴാൻ വന്ന രാമദാസു ഗോസായി സാളഗ്രാമം നടക്കുവച്ചതിനും ഭദ്രദീപ പ്രതിഷ്ഠ, പെരുന്തിരമൃതു, ഇവകൾ കഴിഞ്ഞു ചോതി തിരുനാൾ തിരുമ നസ്സുകൊണ്ട് കാണിക്ക ഇട്ടതിനും ആടിമാസം 9-ാം തീയതി ചോതി തിരുനാൾ തിരുമനസ്സുകൊണ്ട് വാവു തീർത്ഥത്തിനായിട്ട് കടൽപ്പുറത്ത് എഴുന്നള്ളി സർപാണി കഴിച്ച് മതിലകത്ത് കാണിക്ക ഇട്ടതിനും പലരും പ്രായശ്ചിത്തം ചെയ്തതിനും വിവരം.

മതിലകം
ചുരുണ256
ഓല 340

Document No. 23

UPANAYANAM (THREAD-BEARING CEREMONY) OF SWATI TIRUNAL

In 1003 M.E. (1828) the holy thread bearing ceremony of Swati Tirunal was conducted in a befitting manner. Orders were issued accordingly and gave direction to meet the expenditure connected with it from "Kaivazhichellam"as usual.

1003-ാം മാണ്ട് മാർകഴി മാസം 12-ാം തീയതി ചൊതി നാൾകൊച്ചമ്മിണിക്ക് ഇപ്പോൾ ഉപനയനം കഴിക്കത്തക്കവണ്ണം നിശ്ചയിച്ചു ജോൽസ്യൻമാരെക്കൊണ്ടു മുഹൂർത്തം വിചാരിച്ചാറെ ഈയാണ്ടു തൈമാസം 7-ാം തിയതി ഉദിച്ചു നാലു നാഴിക്കകം മകരം രാശി നെരത്ത് മുഹൂർത്തം ഉള്ള പ്രകാരം ചാർത്തു എഴുതുകകൊണ്ടു ആ മുഹൂർത്തത്തിനുതന്നെ ഉപനയനം അടിയന്ത്രം വെണ്ടും പ്രകാരം കഴിവാൻ തക്കവണ്ണം നിദാനം വരുത്തെണ്ടുന്ന സംഗതിക്കു നാം പറഞ്ഞ പ്രകാരം കൈവഴി ചെല്ലം കാര്യം വിചാരിക്കുന്ന മാതെവൻ പിള്ള എഴുതിക്കൊടുത്തയച്ചിട്ടൊണ്ടല്ലൊ അതിൻമണ്ണം ഈ വകയ്ക്കു 973-ാം മാണ്ട് തൈമാസത്തിൽ അവുട്ടം തിരുനാൾ അമ്മാവന് തിരുമാടമ്പു കഴിഞ്ഞിരിക്കുന്ന പതിവിൻമണ്ണം വെണ്ടുന്ന വട്ടങ്ങളും കൂട്ടിച്ചു നെടുമ്പുര മുതലായതും കെട്ടിച്ചു ഉപനയനം അടിയന്ത്രം വെണ്ടും പ്രകാരം കഴിവാൻ തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വെണം. ഇക്കാര്യംചൊല്ലി 1003-ാ മാണ്ട് മാർകഴി മാസം 12-ാം തീയതി ദിവാൻ ഗുണ്ഡൊ പണ്ഡിതർ വെങ്കിട്ടരായർക്ക് നീട്ടു എഴുതിവിടു എന്നു തിരുവുള്ളമായ നീട്ടു.

(തുല്യം)

നീട്ട് വാല്യം 19
പുറം 231

Document No. 24

THULAPURUSHADANAM

In 1004 M.E. (1829) Swati Tirunal conducted the "Thulapurushadanam' ceremony at Padmanabha Swamy temple. The palace astologers and tantries considered the date and time most ideal and accordingly it was conducted at the temple (Mathilakam) premises. It was a ceremony in which the Maharaja was weighed against gold and the same distributed among Brahmins. It was conducted as a mark of sovereignty.

തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ പത്മനാഭ ദാസ വഞ്ചിബാലരാമവർമ്മരായ ചിറവായ് മൂത്ത തിരുവടി ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും 1004-ാമാണ്ട്

ആനിമാസം 28-ാം തീയതി തിരുവനന്തപുരത്തു മതിലകത്തുവച്ചു തുലാപുരുഷ ദാനം ചെയ്തവക-ചോതിനാൾ തിരുഅവതാരം ചെയ്തരുളിയ നയിനാർ ശ്രീപ ത്മനാഭദാസ വഞ്ചി ബാലരാമവർമ്മരായ ചിറവായ് മൂത്ത തിരുവടി ഇരുന്നരുളി യേടത്തിൽ പണ്ടാരത്തിൽ നിന്നും 1004-ാം മാണ്ട് ആനി മാസം 21-ാം തീയതി തുലാപുരുഷദാനം കഴിക്കുന്നതിനു മുഹൂർത്തം നിശ്ചയിച്ചു കോപ്പുകളും കൂട്ടിച്ചു ആയതിനു എത്തേണ്ടുന്ന ആജ്ഞകളും എത്തിയതിന്റെ ശെഷം ടി മാസം 12-ാം തീയതി അസ്തമിച്ചു രണ്ടുനാഴികരാചെന്നപ്പോൾ ചതയംനാൾ പെൺവഴി രാജാവ് നാടുനീങ്ങിപോക കൊണ്ടും മേലെഴുതിയ അടിയന്ത്രം നിർവഹിക്കേണ്ടുന്ന സംഗ തികൊണ്ടും തിരുവനന്തപുരത്തു മതിലകത്തു നാടകശാലയിൽ വച്ചു ആഴ്വാ ഞ്ചേരി തമ്പുരാക്കളും തിരിച്ചിവപേരുർ തിരുനാവ രണ്ടുയോഗത്തുങ്കൽ വാദ്ധ്യാൻമാരും ആറുവൈദികൻന്മാരും, തരണനല്ലൂർ നമ്പൂരിപ്പാടും, കൂവക്കര പോറ്റി മുതലായവരും കൂടി വിചാരിച്ചാറെ അല്പശിമാസം 12-ാം തീയതി മുതൽ 22-ാം തീയതി വരെ ആശൗചം കഴിഞ്ഞാൽ 28-ാം തീയതി വെള്ളിയാഴ്ചയും ചോതി നക്ഷത്രവും പൂർവ്വപക്ഷത്തു നവമിയും സിദ്ധനിത്യയോഗവും വരാകക്കരണവും കൂടിയ ദിവസം അന്നുദിച്ചു ആറു നാഴികക്കുമേൽ പത്തു നാഴികക്കകം ചിങ്ങ രാശി നേരത്തു തുലാ പുരുഷദാനം കഴിക്കെണ്ടുന്നതിനു മുഹൂർത്തംഉള്ള പ്രകാരം ജ്യോൽസ്യൻമാർ നിശ്ചയിക്കകൊണ്ടും ആയതിനു ഏഴു അകസ്സായിട്ടുമുളയിട്ടു ക്രിയയും സദ്യയും തുടങ്ങി നടക്കുന്നതിനു ഇട ഇല്ലാഴികകൊണ്ടും 23-ാം തീയതി മുതൽ അഞ്ചു അകസ്സായിട്ടു ക്രിയയും തുടങ്ങി 28-ാം തീയതി വരെ ആറു ദിവ സത്തെ സദ്യയും നിർവഹിക്കെണ്ടുന്നതിനു ആഴ്വാഞ്ചേരിതമ്പ്രാക്കളും,തരണല്ലൂർ നമ്പൂതിരിപ്പാടും, തൃശ്ശിവപേരൂർ, തിരുനാവ രണ്ടുയോഗത്തുങ്കൽ വാദ്ധ്യാൻമാരും ആറു വൈദികൻമാരും കൂടി നിശ്ചയിച്ച് എഴുതിയ വര്യോലപ്പടി 28-ാം തീയതി വെള്ളിയാഴ്ചയും ചോതി നക്ഷത്രവും അന്നുദിച്ച് ആറ് നാഴികക്കുമേൽ പത്തു നാഴികക്കുമേൽ പത്തു നാഴികക്കകം ചിങ്ങരാശി നേരത്തു തുലാപുരുഷദാനം.

Document No. 25

ANNUAL BIRTHDAY

The annual birthday of Swati Tirunal in 1003 M.E. was celebrated in a grand manner. As part of the same, special illuminations and other functons were conducted to make the occasion splendid. The luminaries who participated in it were given special prizes for their valour and exquisite performances of various games and plays.

കൊടുത്തുട്ട സാധനവും വായിച്ചു കെട്ടവസ്ഥയും അറിഞ്ഞു 1003-ാംമാണ്ട് ചിത്തിര മാസം 19-ാം തീയതി ചോതി ആട്ടപ്പിറന്നാളിന്റെ അന്ന് കമ്പം, വെടിക്കെട്ട് മുതലായ വാണവിദ്യ ഉണ്ടായിരുന്നതിനു ആൾക്കമ്പത്തിൽക്കെറി വാണവിദ്യക ളിച്ച തിരുവിതാംകോട്ടു പരമീശരൻപിള്ള ആശാന് സമ്മാനമായിട്ടു കൈവഴി ചെല്ലം വക ഇരിപ്പിൽനിന്നും ആറുമാറ്റിൽ നാലേമുക്കാലേരയ്ക്കാൽ കഴഞ്ചിൽ162 2/2 (നുറ്റി

അറുപത്തിരണ്ടര) പണം വിലയൊള്ളതിൽ ഒരു വീരചങ്ങല വരുത്തികൊടുത്തിരിക്കുന്നതിനു പകരം വീരചങ്ങല തീർപ്പിച്ചു വൈക്കേണ്ടുന്നതിനു വിലയൊള്ള പണം 162 1/2-ം (പണം നൂറ്റി അറുപത്തിരണ്ടരയും) കൈവഴിചെല്ലം വകയിൽ കൊടുത്തയപ്പാൻതക്കവണ്ണം നിദാനം വരുത്തണമെന്നും നാം പറഞ്ഞ പ്രകാരം കൈവഴി ചെല്ലം കാര്യം വിചാരിക്കുന്ന മാതെവൻപിള്ള ആടി മാസം 15-ാം തീയതി എഴുതിയ സാധനം വന്നിരിക്കക്കൊണ്ടു അപ്രകാരം പണം കൊടുത്തയക്കെണ്ടുന്നതിനു ഹജൂർ ഖജനാവിൽ ശ്രാപ്പ് സുബ്രഹ്മണ്യം പിള്ളയുടെ പേർക്ക് നിനവ് കൊടുത്തയക്കണമെന്നല്ലോ എഴുതിവന്നതിലാകുന്നു അതിന്മണ്ണം തന്നെ മെലെഴുതിയ വകയ്ക്ക് 162 1/2 (പണം നൂറ്റി അറുപത്തിരണ്ടര)പണം കൈവഴിചെല്ലം വകയിൽ കൊടുത്തയ്ക്കത്തക്കവണ്ണം ശ്രാപ്പ് സുബ്രഹ്മണ്യം പിള്ളയുടെ പേർക്ക് എഴുതിയിട്ടുള്ള നിനവ് ഇതിനൊടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ടു അപ്രകാരം പണം കൊടുപ്പിച്ചയച്ചു കൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 1004-ാംമാണ്ട് ആവണി മാസം 4-ാംതീയതി ദിവാൻ ഗുണ്ഡോ പണ്ഡിതർ വെങ്കിട്ടരായർക്ക് നീട്ട് എഴുതി വിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട്
വാല്യം 21
പുറം 5

Document No .26

HIRANYAGARBHADANAM

The Travancore rulers used to ascend the throne only after performing certain religious ceremonies. The most important among them was their renamng of "Padmanabhadasa". Before the renaming they had to perfom certain other ceremonies - 'Hiranyagarbhadanam' tops the list of them .This is also known as Padmagarbham. Only after the performance of the ceremony the kings of Travancore were called 'Kulasekhara Perumal."

1004-ാമാണ്ട് തൈമാസം 6-ാം തീയതി ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരബാലരാമവർമ്മരായ ചിറവായ് മൂത്ത പണ്ടാരത്തിൽ നിന്നും കല്പിച്ച് ഹിരണ്യ ഗർഭദാനവും കഴിഞ്ഞ് ശ്രീപത്മനാഭ ദാസ ബാലരാമവർമ്മ കുലശേഖരപെരുമാൾ എന്ന് നാളതു മുതൽക്കു തിരുനാമ പേരും വാങ്ങി തൈമാസം 7-ാംതീയതി പടിയേറ്റം ആകയാൽ കാണിക്കവന്ന വില രൂപ 1,00,000.

മതിലകം
ചുരുണ 288.
ഓല 822-971.

Document No. 27

ORDERS ISSUED ON THE DATE OF SWATI TIRUNAL'S ACCESSION TO THRON

Swati Tirunal immediately after his assumption of power gave orders to look after the affairs of the temples at Trivandrum Suchindram etc.without any interruption. Further, he wanted to look after the affairs of agrasala,Pakkom etc. intact by giving all facilities to the inmates there.

തിരുവനന്തപുരത്ത് പള്ളികൊണ്ടരുളുകിന്റെ പെരുമാൾ ശ്രീപത്മനാഭപെരുമാൾ സ്വാമിക്കും ശുചീന്ദ്രം ആദിയായിട്ടൊള്ളക്ഷേത്രങ്ങളിലും പൂജ, നിവേദ്യം ഉൾപ്പെട്ട വകയ്ക്കും അഗ്രശാല, പക്കം, തിങ്ങൾ, ഈശ്വരസേവ മുതലായ വകക്കും വകവ ച്ചിരിക്കുന്നതിന് മണ്ണും ഉള്ള നെല്ലും പണവും അതതുകാലാകാലത്ത് കൊടുപ്പിച്ച് അടിയെന്ത്രങ്ങൾക്ക് നെർനീക്കവും ആവലാതിയും വരാതെവേണ്ടും പ്രകാരം നട പ്പാൻ തക്കവണ്ണം ചട്ടംകെട്ടി ആയവസ്ഥയ്ക്ക് എഴുതിവരികയും വെണം എന്നും ഇക്കാര്യം ചൊല്ലി 1004-ാംമാണ്ട് ചിത്തിരമാസം 10-ാംതീയതി ദിവാൻ ഗുണ്ടോപ ണ്ഡിതർ വെങ്കിട്ടരായർക്ക് നീട്ട് എഴുതിവിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട്
വാല്യം 97
പുറം 574.

Document No. 28

CHARITABLE ACTIONS

In 1004 M.E. (1829) soon after his succession to the throne, Swati Tirunal issued necessary orders to renovate the centre (Sathrom)at Kasi (Benares)which was used by visiting devotees there, out of charity. Further he wanted the Dewan to take appropriate actions to provide with required utensils to this centre.

കാശിയിൽവച്ച് ധർമ്മം ചെയ്യുന്നതിനായിട്ട് ഈ സംസ്ഥാനത്തുനിന്നും കെട്ടി ച്ചിരിക്കുന്ന സത്രം ഏകവും പഴക്കംചെന്നു ജീർണ്ണമായിരിക്കുന്നതിനാൽ ആയത് പുത്തനായിട്ട് പണി കഴിപ്പിക്കേണ്ടുന്നതിനും പാത്രങ്ങൾ അറ്റകുറ്റം തീർപ്പിക്കുന്ന തിനും അടങ്കൽ നിശ്ചയിച്ച് അടങ്കൽ പ്രകാരം ഉള്ള പണം കൊടുത്തയച്ചു വെഗ ത്തിൽ സത്രവും പണികഴിപ്പിച്ച് പാത്രങ്ങളും അറ്റകുറ്റം തീർപ്പിച്ച് കൊള്ളത്തക്ക

വണ്ണം നിദാനം വരുത്തികൊള്ളുകയും വെണം എന്നും ഇക്കാര്യംചൊല്ലി 1004-ാം മാണ്ട് ചിത്തിരമാസം 10-ാം തീയതി ദിവാൻ ഗുണ്ഡോപണ്ഡിതർവെങ്കിട്ടരായ വർക്ക് നീട്ട് എഴുതിവിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട്
വാല്യം 24
പുറം 209

Document No.29

PRIZE TO ARTIST DANISH

An amount of Rs.670 was given as gift to Mr. Danish,an European artist for drawing portraits of Swati Tirunal and the acting Resident in 1007 M.E. (1832). The former one was made in ivory in addition to drawing in paper while the latter was in paper.

1007-ാമാണ്ട് പൈങ്കുനി മാസം 21-ാം തിയതി വെമ്പയിൽ നിന്നും തിരുവനന്ത പുരത്തു വന്നുപാർക്കുന്ന മെസ്തർ ഡാൻ ഇഷ്നെക്കൊണ്ടു ദന്തപലകയിൽ നമ്മുടെ രൂപവും ആക്കിട്ടുങ്കു റസിഡന്റിന്റെയും തന്റെയും രൂപം കടദാസിലും എഴു തിക്കൊണ്ടു ദന്തത്തിൽ രൂപം എഴുതിയ വകയ്ക്ക് 450 രൂപയും(രൂപ നാനൂറ്റി അൻപത്)മേനാകൂലിവക്കയ്ക്ക് 20 രൂപയും (രൂപ ഇരുപത്)കടദാസിൽ എഴുതിയ രൂപംരണ്ടിനും കൂടെ 200 രൂപയും (രൂപ ഇരുന്നൂറ്)ഇതിന് മണ്ണം 670 രൂപ (രൂപ അറുന്നൂറ്റി എഴുപത്)മെസ്തർഡാൻ ഇഷ്ടനു ഇനാമായിട്ടു കൊടുപ്പാനുള്ളതാക യാലും അപ്രകാരം മലെഴുതിയ വകയ്ക്ക് 670 രൂപാക്കു (രൂപ അറുനൂറ്റി എഴുപ ത്)ഏഴുവിലക്ക് 4690 പണം(നാലായിരത്തി അറുന്നൂറ്റിതൊണ്ണൂറ് പണം) കൊടുക്കു ന്നതിനു ഹജ്ജൂർഖജനാവിൽ ശ്രാപ്പ് അണഞ്ചപെരുമാപിള്ളയുടെ പേർക്ക് എഴു തിയിട്ടുള്ള നിനവ് ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ടു ആവകപ്പണം കൊടുപ്പിച്ചു കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 1007-ാം മാണ്ട് പൈങ്കുന്നി മാസം 21-ാം തീയതി ദിവാൻ ശെഷോപണ്ഡിതർ സുബ്ബരായവർക്ക് നീട്ട് എഴുതിവിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട് വാല്യം 24
പുറം 209

Document No.30

OFFERINGS AND DONATIONS

In 1009 M.E. (1834) Swathi Tirunal Uttram Tirunal their mother and others of the royal house hold gave donations to Sri Padmanabha Swami Temple. The Raja made royal gifts at the time of Hiranyagarbhadanam also. After acquiring the royal title 'Padmanabhadasa' he donated an elephant to the temple. Donations were further offered in cosequence to the ceremonies of 'Ariyittuvazhcha' Murajapam, Lakshadwipam, Arattu etc.

1009-ാം മാണ്ട് ആടിമാസം 1-ാം തീയതി ചോതി തിരുനാൾ തിരുമനസ്സുകൊണ്ടും ഉത്രം തിരുനാൾ ഇളയ പണ്ടാരത്തിൽ നിന്നും ഉതൃട്ടാതി തിരുനാൾ ആറ്റങ്ങൽ മൂത്തമ്മ പണ്ടാരത്തിൽ നിന്നും ആയില്യം തിരുനാൾ ഇളയമ്മ പണ്ടാരത്തിൽ നിന്നും ഉത്രം തിരുനാൾ മൂന്നാംമുറ കൊച്ചു പണ്ടാരത്തിൽ നിന്നും ആയില്യം തിരുനാൾ കൊച്ചു പണ്ടാരത്തിൽ നിന്നും വകപടിയെ കാണിക്കയിട്ടതിനും ആവണി മാസം 7-ാം തീയതി ചോതി തിരുനാൾ ചിറവായ് മൂത്ത പണ്ടാരത്തിൽ നിന്നും ഹിരണ്യ ഗർഭദാനത്തിന് കരുവേലപുരയിൽ വച്ചു ദിവസത്തിന് പൊന്നുരുക്കിയും പെരിയ പെരുമാളെ തൃക്കൺ പാർക്കാൻ എഴുന്നള്ളുകയിൽ കാണിക്കയിട്ടതിനും തിരുവേ ട്ടയ്ക്ക് ആറ്റങ്ങൽ മൂത്ത അമ്മപണ്ടാരത്തിൽ നിന്നും നക്ഷത്രമാല കാണിക്കയിട്ട തിനും തൈമാസം 6-ാം തീയതി ചോതി തിരുനാൾ തിരുമനസ്സുകൊണ്ട് ഭദ്രദീപ പ്രതിഷ്ഠ മണ്ഡപത്തിൽ വച്ചു ഹിരണ്യഗർഭദാനം കഴിക്കത്തക്കവണ്ണം നിശ്ചയിച്ചു 1-ാം തിയതി മുതൽ ക്രിയകളും തുടങ്ങി നാളതു ഹിരണ്യഗർഭ പാത്രത്തിൽ എഴു ന്നള്ളുന്നതിനുമുൻപിൽ പെരിയ പെരുമാളെ തൃക്കൺ പാർക്കയിൽ കാണിക്കയിട്ട തിനും ഹിരണ്യഗർഭദാനം നിർവഹിച്ചു തിരുനാമപ്പേര് ഏൾക്കയിൽ ആനയും ഉരു വിരുത്തി കല്പിച്ചു കാണിക്കയിട്ടതിനും തൈമാസം 4-ാംതീയതി ചോതി തിരു നാൾ തിരുമനസ്സുകൊണ്ട് ആറ്റങ്ങൽ അരിയിട്ടു വാഴ്ക കഴിച്ചു മതിലകത്തു എഴു ന്നള്ളി ടി മാസം 14-ാംതിയതി കാണിക്കയിട്ടതിനും മുറജപം തുടങ്ങി ലക്ഷദീപ വുംകഴിപ്പിച്ചു ശ്രീനാരായണ ബിംബം എഴുന്നള്ളിച്ചു ആറാട്ടും കഴിഞ്ഞു(പൊടിവ്) എട്ടരയോഗവും കൂടി ചോതി തിരുനാൾതിരുമനസ്സുകൊണ്ട് കല്പിച്ച് ആനയും ഉരുവിരുത്തി കാണിക്കയിട്ടതിനും മറ്റും എഴുതിയ നാൾവഴി കണക്കുകൾ.

മതിലകം
ചുരുണ 57
ഓല 542

Document No. 31

GIFT TO MUSICIANS

Musical luminaries, Ranga Iyengar of Tanjore and syed Sulaiman an expert in Swaravath, were honoured by Swati Tirunal by awarding 'Veerasringala' in 1010 M.E. (1835) as an accomplishment for their meritorious services to music. The expenditure towards this as ordered by the Maharaja was met from the 'Kaivazhichellam' accounts. 'Veerasringala' was a gold chain presented by the Maharaja of Travancore as a mark of distinction.

1010-ാംമാണ്ട് ആവണിമാസം 1-ാംതീയതി

കൊടുത്തുട്ട സാധനവും വായിച്ചുകെട്ടവസ്ഥയും അറിഞ്ഞു. തഞ്ചാവൂരു നിന്നു വന്നു പാർക്കുന്ന രങ്കയ്യംകാരു ഭാഗവതർക്കും സർവത്തു വാദ്യംവായിക്കുന്ന പട്ടാണി ചെയ്തു ചുലയിമാനും (സെയ്തു സുലൈമാൻ)കൈവഴി ചെല്ലംവക യിരുപ്പിൽ നിന്നും രണ്ടു വീരചങ്ങലയും രണ്ടു സാൽവയും വരുത്തി ഇനാം കൊടുത്തിരിക്കുന്നതിന് വീരചങ്ങലയ്ക്ക് ഒള്ള പണം ഖജനാവിൽ നിന്നും വരുത്തി ഉരുപ്പടി തീർപ്പിച്ചു വൈപ്പിച്ചു കൊള്ളത്തക്കവണ്ണം നാം പറഞ്ഞിരിക്കുന്നതിനാൽ ആവക പണത്തിന് വര്യൊല എഴുതിച്ചു കൊടുത്തയയ്ക്കുന്ന പ്രകാരം കൈവഴി ചെല്ലം കാര്യം വിചാരിക്കുന്ന നരസിംഹൻ തമ്പിയുടെ സാധനം വന്നിരിയ്ക്ക കൊണ്ടു വര്യൊലപ്രകാരം വിലകൂലി ഉൾപ്പെടെ നാന്നൂറ്റിപതിനാറേ അരഅര യ്ക്കാൽ അര മഹാണി അരക്കാണി പണം ചെല്ലുവാനുള്ളതു കൊടുക്കുന്നതിനു ഹജൂർ ഖജനാവിൽ ശ്രാപ്പിന്റെ പേർക്ക് നിനവ് കൊടുത്തയക്കണമെന്നല്ലൊ എഴുതിവന്നതിലാകുന്നു അതിന്മണ്ണം തന്നെ മെലെഴുതിയ വകയ്ക്ക് നാന്നൂറ്റിപതി നാറേ അരയ്ക്കാൽ അരമാഹാണി അരക്കാണി പണം കൊടുക്കെണ്ടതിന് ശ്രാപ്പ് അണഞ്ചപെരുമാൾ പിള്ളയുടെ പെർക്ക് എഴുതിയിട്ടുള്ള നിനവ് അതിനൊടുകൂടെ കൊടുത്തയച്ചിരിക്കക്കൊണ്ടു അപ്രകാരം പണം കൊടുപ്പിച്ചയച്ചു കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 1010-ാംമാണ്ട് ആവണിമാസം 21-ാം തീയതി ദിവാൻ ശെഷൊപണ്ടിതർ സുബ്ബരായർക്കു നീട്ട് എഴുതിവിടു എന്നു തിരുവുള്ള മായ നീട്ട്.

(തുല്യം)

മതിലകം
ചുരുണ 27
ഓല 7

Document No. 32

INCREASED SALARY TO MUSICIANS

Tanjore Chintamany Bhagavathar, an expert in Sarangi, who used to perform his musical talents before the Maharaja was given an enhancement in his salary. As such an amount of Rs.150 was awarded to him per month.The expenditure in this connection was met by daily account branch of the palace.

നിത്തിയച്ചിലവിൽ സാരങ്കി വായിച്ചു വരുന്ന തഞ്ചാവൂർ ചിന്താമണ എന്നവനു മാസം ഒന്നിനു 150 (നൂറ്റിഅൻപതു) പണം വീതം പതിവിൽ കൂട്ടി കൊടുക്കുന്ന തിനു എഴുതിവന്ന ഉത്തരവിന് അനുവ്. 1010-ാംമാണ്ട് പുരുട്ടാശി മാസം 21-ാം തീയതി. തിരുമുമ്പിൽ സാരങ്കി വായിച്ചു വരുന്ന തഞ്ചാവൂർ ചിന്താമണി എന്നവനു ശംബളം പതിവുവച്ചു കൊടുത്തിട്ടില്ലാഴികയാൽ അവന് മാസം ഒന്നുക്ക് ആറു വിരാഹന് 150 (നൂറ്റി അൻപത്) പണം നിത്യചിലവിൽ പതിവിൽകൂട്ടി കൊടുപ്പിക്കണമെന്നും കല്പന വന്നിരിക്കുന്ന പ്രകാരം നിത്യച്ചിലവിൽ സർവ്വാധികാര്യക്കാരുടെ സാധനം വന്നിരിക്കുന്ന സംഗതിയ്ക്ക് തിരുമനസറിയിക്കുന്നതിന് എഴുതി അയച്ചതിന്റെ ചേഴം അതിന്മണ്ണം ചിന്താമണി എന്നവന് മാസം ഒന്നുക്കു 150(നൂറ്റിഅൻപത്)പണം വീതം നിത്യച്ചിലവിൽ പതിവിൽ കൂട്ടി എഴുതി ശംബളം കൊടുപ്പിച്ചുകൊള്ളണമെന്നും 18-ാംതീയതി കൽപ്പിച്ച് എഴുതിയ നീട്ട് വന്നിരിക്കകണ്ട് അപ്പിറകാരം മേലെഴുതിയ ചിന്താമണി എന്നവനു മാസം ഒന്നിക്കു 150 (നൂറ്റി അൻപത്) പണം വീതം നിത്യ ച്ചിലവിൽ പതിവിൽകൂട്ടി എഴുതി ശംബളം കൊടുപ്പിച്ചു കൊള്ളത്തക്കവണ്ണം ഉത്ത രവും എഴുതി കെട്ടിച്ചുകൊടുത്തയച്ചു. ആവക പണം ജമാബന്തി പതിവിലും കൂട്ടി എഴുതിച്ചുകൊള്ളണമെന്നും ഉത്തരവും എഴുതിവന്നിരിക്കുന്നു.

ഈ വകയ്ക്ക് ഉത്തരവ് വന്നിരിക്കുന്നതിന് മണ്ണം സാരങ്കി വായിച്ചു വരുന്നചി ന്താമണിക്ക് മാസം ഒന്നുക്കു പണം 150 (നൂറ്റി അൻപത്)വീതം കന്നി മാസം 18-ാം തീയതി മുതൽക്ക് പതിവിൽകൂട്ടി എഴുതി പണം വരുത്തിക്കൊടുത്ത് കണ ക്കിൽ ചിലവെഴുതിയിരിക്കുന്നു.

അനുവ് ചുരുണ 19
ഓല 47
ഇതു എഴുതിയ,
നിത്യച്ചിലവ് കണക്ക് താണുപിള്ള.
(ഒപ്പ്)

Document No. 33

SALARY OF MUSICIANS

Tanjore Vallabha Rao, the vocal musician was the Palace Bhagavathar during the time of Maharaja Swati Tirunal. He did not enjoy salary so far, except certain awards on ceremonial occasions. The Maharaja after considering his talents an amount of panams 50 per month was granted to him in 1010 M.E. (1835 AD).

1010-ാം മാണ്ട് അല്പശിമാസം 26-ാംതീയതി, കൊടുത്തുട്ട സാധനവും വായിച്ചു കെട്ടവസ്ഥയും അറിഞ്ഞു ഇവിടെ പാടി വരുന്ന തഞ്ചാവൂരു വല്ലഭരായർക്ക് ശംബളം പതിവു വച്ച് കൊടുത്തിട്ടില്ലായ്കയാൽ അയാൾക്ക് മാസം ഒന്നിന് 50 (അൻപത്) പണം വീതം നിത്യച്ചിലവിൽ പതിവിൽകൂട്ടി കൊടുപ്പാൻ തക്കവണ്ണം നിദാനം വരുത്തണമെന്നും നാം പറഞ്ഞ പ്രകാരം സർവ്വാധികാര്യം കുഞ്ചാതിച്ചപിള്ളയിടെ സാധനം വന്നിരിക്കുന്ന അവസ്ഥ കൊണ്ടല്ലൊ എഴുതിവന്നതിലാകുന്നു അതിന് മണ്ണം മേലെഴുതിയ വല്ലഭരായർക്ക് മാസം ഒന്നിനു 50 (അൻപത്) പണം വീതം നിത്യച്ചിലവിൽ പതിവിൽകൂട്ടി എഴുതി ശംബളം കൊടുപ്പിച്ചുകൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 1010-ാം മാണ്ട അല്പശിമാസം 14-ാം തീയതി ദിവാൻ ശെഷൊ സുബ് ബരായർക്ക് നീട്ട് എഴുതി വിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട് വാല്യം 27 പുറം 68

Document No.34

GRANT AWARDED TO A DANCER

Neelal, the Palace dancer (dasi) was a native of Tanjore. In 1010 M.E. (1835) she returned home after living here for a long tiime.So Swati Tirunal issued orders to give her an amount of Rs. 350 as Iumpsum grant.

1010-ാംമാണ്ട് മാർകഴി മാസം 21-ാം തീയതി തഞ്ചാവൂരുനിന്നും തിരുവന്തപുരത്തു വന്നു പാർക്കുന്ന ദാസി നീലാളെന്നവൾ ഇപ്പോൾ തിരികെ തഞ്ചാവൂർ പോകുന്നതാകകൊണ്ട അവൾക്കു ഇനാമായിട്ടു ഏഴെ അരക്കാൽ വിലക്കു 350 (മുന്നുറ്റൻപത്)രൂപ കൊടുക്കത്തക്കവണ്ണം നിശ്ചയിച്ച് ഹജൂർ ഖജനാവിൽ ശ്രാപ്പ് മുത്തുസ്വാമിപ്പിള്ളയിടെ പെർക്ക് എഴുതിയിട്ടുള്ള നിനവ് ഇതിനൊടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ടു അപ്രകാരം രൂപ കൊടുപ്പിച്ചു കൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 1010-ാംമാണ്ട് മാർകഴി മാസം 21-ാം തീയതി ദിവാൻ ശേഷൊ പണ്ഡിതർ സുബ്ബരായർക്ക് നീട്ട എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട് വാല്യം 27

പുറം 109

Document No.35

SALARY TO MUSICIANS AND ARTISTS

There were eight persons who worked in the palace as musicians and artists. Among them,there were five Hindusthani dancers. Swati Tirunal with due recognition of their services granted monhly salary. An amount of panams 1000 was set apart for their monthly salary in 1010 M.E. (1835).

നിത്യച്ചിലവിൽ കല്ലിക്കോട്ടു നിന്നും വന്നു പാർക്കുന്ന ഹിന്ദുസ്ഥാനി നാട്യക്കാർ, ദാസിമാർ പേർ മൂന്നും ഉൾപ്പെടെ 8 പേർ (പൊടിവ്) വീതം പതിവിൽക്കൂട്ടി എഴുതി ക്കൊടുക്കുന്നതിന് എഴുതി വന്ന ഉത്തരവിന് അനുവ്.

1010-ാംമാണ്ട് ആടിമാസം 22-ാം തീയതി കല്ലിക്കൊട്ടു നിന്നും വന്നു പാർക്കുന്ന ഹിന്ദുസ്ഥാനി നാട്യക്കാർക്ക് ശംബളം പതിവു വച്ച് കൊടുത്തിട്ടില്ലാഴികകൊണ്ട് ആയതിൽ പാകീരതി മുതലായ ദാസിമാർ പേർ മൂന്നിനും നട്ടുവൻമാർ മുതലായ മേളക്കാർ പേർ അഞ്ചിനും ഇപ്പിറകാരം എട്ടുപേർക്കും കൂടെ മാസം ഒന്നിന് 40 (നാൽപത്)പൂവരാഹനു 25 (ഇരുപത്തിയഞ്ച്)പണം വിലക്ക് 1000(ആയിരം)പണം വീതം നിത്യച്ചിലവ് വക പതിവിൽ കൂട്ടി എഴുതി ശംബളം കൊടുപ്പിച്ചുകൊള്ളണ മെന്ന് 21-ാം തീയതി കൽപ്പിച്ച്എഴുതിയ നീട്ട് വന്നിരിക്കകൊണ്ട് അതിന് മണ്ണം മേലെഴുതിയ എട്ടുപേർക്കും കൂടെ മാസം ഒന്നിന് 40(നാൽപത്) പൂവരാഹനു 25 (ഇരിപത്തഞ്ച്) പണം വിലക്ക് 1000 (ആയിരം) പണം വീതം നിത്യച്ചിലവ് വക പതിവിൽകൂട്ടി എഴുതി കൊടുപ്പിച്ചു കൊള്ളത്തക്കവണ്ണം ഉത്തരവ് എഴുതി കെട്ടിച്ച് കൊടുത്തയച്ച് ആവക പണം ജമാബന്തി പതിവിലും കൂട്ടി എഴുതിക്കൊള്ളണ മെന്നും ഉത്തരവ് എഴുതി വന്നിരിക്കുന്നു.

ഈവകയ്ക്ക് ഉത്തരവ് വന്നിരിക്കുന്നതിന് മണ്ണം ഹിന്ദുസ്ഥാനി നാട്യം വക യിൽ കല്ലിക്കോട്ട് ദാസി പാകീരതി മുതൽ 8 പേർക്ക് മാസം ഒന്നുക്ക് പണം 1000 (ആയിരം) വീതം ആടിമാസം 21-ാം തീയതി മുതൽക്ക് പതിവിൽകൂട്ടി എഴുതി പണം വരുത്തിക്കൊടുത്തു കണക്കിൽ ചിലവെഴുതിയിരിക്കുന്നു.

ഇത് എഴുതിയ
നിത്യച്ചിലവ് കണക്ക് താണുപിള്ള(ഒപ്പ്)

1013-ാമാണ്ട് വൈകാശിമാസം 23-ാം തിയതി

അനുവ്ചുരുണ 19
ഓല 49

Document No. 36

GOLD COINS DONATED TO PADMANABHA SWAMY TEMPLE

In 1013 M.E. (1838)A.D. Swati Tirunal offered 57 gold coins to the temple with reverence and bhakthi on the occasion of his annual birthday. The total cost for the gift was more than Rs.5053. The amount was spent from 'Kaivazhichellam account'.

കൊടുത്തുട്ട സാധനവും വായിച്ചു കെട്ടവസ്ഥയും അറിഞ്ഞു. ഇയാണ്ടു ചിത്തിരമാസം 28-ാം തീയതി ചൊതിയാട്ടൂപ്പിറന്നാളിന്റെ അന്നു കൈവഴി ചെല്ലം വക ഇരുപ്പിൽനിന്നും 57(അൻപത്തേഴ്) പൊൻകുമ്പിനി മുകരം തിരുവനന്തപുരത്തു മതിലകത്തു ശ്രീപത്മനാഭസ്വാമിക്കു നടയ്ക്കു വച്ചിരിക്കുന്നതിനു മുകുരം ഒന്നുക്കു 123 3/4 (നൂറ്റിഇരുപത്തിമൂന്നേമുക്കാൽ)പണം വീതം 5053 3/4 (അയ്യായിരത്തിഅൻപത്തിമൂന്നേമുക്കാൽ) പണം വിലയുള്ളതു കൈവഴിചെല്ലം വകയിൽനിന്നും ഖജനാവിൽ ഒടുക്കായിട്ടും ആയതു നടയ്ക്കു വയ്ക്കുന്നതിന് കെട്ടിവരവായിട്ടും മുതൽ വച്ചു നടക്കുവച്ച പ്രകാരം ചെലവ് എഴുതുന്നതു കൂടാതെ ഇപ്പോൾ നടക്കു വച്ചിരിക്കുന്ന നാണയത്തിനും ഇതിനു മുൻപിൽ വച്ചിരിക്കുന്ന രുപ മുതലായ നാണയങ്ങൾക്കും പകരം പൊൻ നാണയമായിട്ടു ശെഖരിച്ചു വരുത്തി ഇരുപ്പിൻ വൈപ്പിക്കണമെന്നും നാം പറഞ്ഞ സംഗതിക്കു കൈവഴി ചെല്ലം കാര്യം വിചാരിക്കുന്ന നരസിംഹൻതമ്പിയുടെ സാധനം വന്നിരിക്കുന്ന പ്രകാരവും ഇതിനു മുൻപിൽ നടക്കു വച്ചിരിക്കുന്ന നാണയങ്ങൾക്കു പകരം പൊൻനാണയം ശെഖരിക്കെണ്ടുന്നതിനു ആപ്പോൾ തന്നെ ശ്രാപ്പ് കൃഷ്ണനായ്ക്കനു എഴുത്തു കൊടുത്തയച്ചിരിക്കുന്നതു മല്ലാതെ ഇപ്പോൾ ഈ വകക്കു നാണയങ്ങൾ ശെഖരിക്കുന്നതിനു ചട്ടം കെട്ടിയിരിക്ക ക്കൊണ്ടുചിത്തിരമാസം ചോതി ആട്ടപ്പിറന്നാളിന്റെ അന്നു നടയക്കു വച്ചിരിക്കുന്ന പൊൻമുകുരം 57-നു (അൻപതിയേഴു) വിലയുള്ള പണം 7053 3/4(ഏഴായിരത്തിഅൻപത്തിമൂന്നേമുക്കാൽ) മെലെഴുതിയ പ്രകാരം കണക്കിൽ മുതലും ചെലവും എഴുതിക്കെണ്ടുന്നതിനു കൈവഴി ചെല്ലം കാര്യം വിചാരിക്കുന്ന നരസിംഗൻ തമ്പിയുടെ പെർക്കു സാധനവും ശ്രാപ്പിന്റെ പെർക്ക് നിനവും കൊടുത്തയയ്ക്കണമെന്നും എല്ലൊ എഴുതി വന്നതിലാകുന്നു അതിന്മണ്ണം ഇയാണ്ട് ചിത്തിരമാസം 28-ാം തീയതി ചോതി ആട്ടപ്പിറന്നാളിന്റെ എന്നു നടയ്ക്കു വച്ചിരിക്കുന്ന മുകുരം 57 (അൻപത്തിയേഴു) മുകുരം ഒന്നുക്കു 123 3/4 (നൂറ്റിഇരുപത്തിമൂന്നേമുക്കാൽ) പണം വീതം 7053 3/4 (ഏഴായിരത്തിഅൻപത്തിമൂന്നേമുക്കാൽ) പണം വിലയുള്ളതു കൈവഴി ചെല്ലം വകയിൽ നിന്നും ഖജനാവിൽ ഒടുക്കായിട്ടും ആയതു നടയ്ക്കു വയ്ക്കുന്നതിനു കെട്ടിക്കൊടുത്തതായിട്ടും കണക്കിൽ മുതൽ ചിലവു എഴുതിച്ചു കൊള്ളത്തക്കവണ്ണം ഹജൂർ കജനാവിൽ ശ്രാപ്പ് കൃഷ്ണനായ്ക്കന്റെ പെർക്കു നിനവും ഈ സംഗതിക്കു നരസിംഗൻ തമ്പിയിടെ പെർക്കു സാധനവും കൊടുത്തയച്ചിരിക്കുന്നതിനാൽ ഇപ്പോൾ നടയ്ക്കു വച്ചിരിക്കുന്ന വകയ്ക്കും ഇതിനുമുൻപിൽ നടയ്ക്കുവച്ചിരിക്കുന്ന സാധനങ്ങൾക്കും പകരം വെഗത്തിൽ പൊൻ

നാണയമായിട്ട് ശെഖരപ്പെടുത്തി കൊടുത്തയച്ചു കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 1013-ാം മാണ്ട് വൈകാശി മാസം 23-ാം തീയതി ദിവാൻ രായരായവെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട് വാല്യം 34
പുറം 258

Document No. 37

SPECIAL DONATION

It was a practice among the rulers of Travancore to offer donations to Padmanabhaswamy temple on all important occasions. They used to perform various ceremonies as part of the custom prevalent then. On all these occasions they made donations to their family deity also. In 1015 M.E. (1840) Swati Tirunal and members of his family donated large amounts to the temple.

1015-ാംമാണ്ട് മാർകഴിമാസം.

ഭദ്രദീപം സംബന്ധിച്ച് കല്പിച്ച് വിശേഷാൽ കാണിക്കയാക നടക്കു വച്ചതും, തൈമാസം 1-ാം തീയതി മകരസംക്രാന്തി അഴകിയ മാണിക്യ പൊന്നും ശീവെലി ആകയാൽ ആയതിനും നാളതു മുറജപം സംബന്ധിച്ച് പടിത്തരത്തിൽ പടിദക്ഷിണയും കഴിഞ്ഞ ആനയും ഉരുവിരുത്തി കാണിക്കയാനടക്കുവച്ചതും ടി മാസം 22 -ാംതീയതി ശ്രീപത്മനാഭ ദാസ ബാലരാമവർമ്മ കുലശേഖരപെരുമാൾ പണ്ടാരത്തിൽ നിന്നും കല്പിച്ചു നിലപർവതദാനം നിർവഹിക്കുന്നതിനായിട്ടു എഴുന്നള്ളി പെരുമാളെ തൃക്കൺ പാർക്കയിൽ കാണിക്കയാകനടക്കുവച്ചതും1015-ാ മാണ്ട് പൈങ്കുനിമാസം 10-ാംതീയതി ടി പണ്ടാരത്തിൽ നിന്നും കല്പിച്ചു പ്രാർത്ഥിച്ചിരുന്നതാകനാളതു ചോതി പക്കതിരുനാൾ സംബന്ധിച്ച് നടക്കുവച്ചതും ടി ആണ്ട് ചിത്തിരമാസം 7-ാംതിയതി ടി പണ്ടാരത്തിൽനിന്നും കല്പിച്ചു നാളതുചോതി ആട്ടത്തിരുന്നാളിന് നടക്കു വച്ചതും, ടി മാസം 19-ാം തിയതി ഉത്തിരുട്ടാതി തിരുനാൾ ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിലെ ആട്ടത്തിരുനാൾസംബദ്ധിച്ച് നടക്കു വച്ചതും ടി മാസം 23-ാം തീയതി പൂരം തിരുനാൾ തിരു അവതാരം ആറ്റങ്ങൽ ഇളയമ്മ പണ്ടാരത്തിൽ പള്ളിക്കെട്ടിലേയ്ക്ക് തേവാരത്ത് കോയിക്കൽ വച്ച് പള്ളിക്കെട്ടു പതിപ്പിക്കയിൽ നാളതു ശ്രീപാദത്തു കൊട്ടാരത്തിൽ നിന്നും ആറാട്ടുപള്ളിയും കഴിഞ്ഞു തിരുമഞ്ജജനവും പൊലിഞ്ഞ് ആറ്റങ്ങൽ വലിയ അമ്മതമ്പുരാനും ആൺവഴി കൊച്ചു തമ്പുരാക്കൻമാരും വലിയ കോയിതമ്പുരാനും അച്ഛൻ കോയിത്തമ്പുരാനും കൂടെ തിരുമതിലകത്ത് എഴുന്നള്ളി നടക്കുവച്ചതും ആയ കല്ലു വച്ച പതക്കം വിൽവമാല, ശരപ്പൊളിമാല വകയ്ക്ക് എഴുതിയ കണക്ക്.

ടി ആണ്ട് വൈകാശി മാസം 2-ാം തീയതി പൂരാടം തിരുനാൾ ആറ്റങ്ങൽ ഇളയമ്മ പണ്ടാരത്തിൽ നിന്നും പള്ളിക്കെട്ടു കഴിഞ്ഞ് മതിലകത്ത് പെരിയപെരുമാളെ

തൃക്കൺ പാർക്കാൻഎഴുന്നള്ളുകയിൽ വിൽവമാല, ശരപ്പൊളി നടക്കുവച്ചതിനും ടി മാസം 3-ാംതീയതി ശ്രീ. പത്മനാഭദാസ വഞ്ചിബാലരാമവർമ്മകുലശേഖരപെരുമാൾ പണ്ടാരത്തിൽ നിന്നും കല്പിച്ചു പള്ളിഭജനം തുടങ്ങി കാലംകുടുന്ന ദിവസം പെരിയ പെരുമാൾക്കും മറ്റും വിൽവമാല, ശരപ്പൊളിമാല നടക്കു വച്ചതിനും എഴുതിയ കണക്കു.

മതിലകം വാല്യം 66
പുറം 67

Document No.38

SALARY TO MUSICIAN

In1016 M.E. (1841)Swati Tirunal issued orders to pay an amount of Rs.245 as monthly salary to Alauddin of Mysore. He was a well-versed musician and hence the Maharaja thought it justified to do so.The expenditure incurred on this accound was met from "nithyachelavu".

നിത്യച്ചിലവിൽ മൈസൂർ നിന്നും വന്നു പാർക്കുന്ന അലാവുദീൻ എന്നവനു ഒഴിവുള്ള വകയിൽ 125 (നൂറ്റിഇരുപത്തഞ്ചു)പണവും അതുകൂടാതെ 120 (നൂറ്റിയിരുപതു) പണം പതിവിൽ കൂട്ടിയും മാസം ഒന്നിന് 245 (ഇരുന്നൂറ്റി നാല്പത്തി അഞ്ച്) പണം വീതം ശംബളം കൊടുപ്പിക്കുന്നതിന് എഴുതി വന്ന ഉത്തരവിന് അനുവ്.

1016-ാമാണ്ട് ആവണി മാസം 31-ാംതീയതി മൈസൂർ നിന്നും വന്നു പാർക്കുന്ന അലാവുദീൻ എന്നവനു സംഗീതസുറപത്തു മുതലായതിൽ നല്ല പരിചയം ഒണ്ടായിരിക്കുന്നതിനാൽ അവന് ശംബളം വച്ച് കൊടുത്തു പാർപ്പിപ്പാൻ ഒള്ളതാകകൊണ്ടും ആയതിനു കല്ലികോട്ടു ഹിന്ദുസ്ഥാനി നാട്യക്കാറരിൽ പാട്ടുശേവുകം നാഗൻ എന്നവനു നിത്യച്ചിലവിൽ നിന്നും മാസം ഒന്നിന് 125 (നൂറ്റി ഇരുപത്തിയഞ്ച്) പണം വീതം കൊടുത്തു വന്നതു അവൻ കഴിഞ്ഞ് ഒഴിവുള്ളതാകയാലും ആയത് അര കൂടാതെ 120 (നൂറ്റിഇരുപത്) പണം കൂടെ പതിവിൽ കൂട്ടിയും മാസം ഒന്നിനു 245 (ഇരുന്നൂറ്റിനാല്പത്തിയഞ്ചു) പണം വീതം മെലെഴുതിയ അലാവുദീൻ എന്നവനു ഈയാണ്ടു ആവണി മാസം 1-ാം തീയതി മുതൽക്ക് നിത്യച്ചിലവിൽചിലവെഴുതി (പൊടിവ്) കൊടുപ്പിച്ചുകൊള്ളണമെന്നും 31-ാം തീയതി കൽപ്പിച്ച് എഴുതിയ (പൊടിവ്) നീട്ട് വരികകൊണ്ട് അതിന്മണ്ണം 125 (നൂറ്റിഇരുപത്തഞ്ച്) പണം ഒഴിവുള്ളതും അതു കൂടാതെ 120 (നൂറ്റിഇരുപത്) പണം കൂടെ പതിവിൽ കൂട്ടിയും മാസം ഒന്നിനു 245 (ഇരുന്നൂറ്റിനാല്പത്തഞ്ച്) പണം വീതം അലാവുദീൻ എന്നവനു ഈയാണ്ടു ചിങ്ങമാസം 1-ാം തീയതി മുതൽക്കു നിത്യച്ചിലവിൽ തീയരുവ എഴുതി ശംബളം കൊടുപ്പിച്ചുകൊള്ളത്തക്കവണ്ണം ഉത്തരവ് എഴുതിച്ച് കെട്ടിച്ച്കൊടുത്തയച്ച് അപ്രകാരം ജമാബന്തി കണക്കിലും എഴുതിച്ച് കൊള്ളണമെന്നും ഉത്തരവ് എഴുതി വന്നിരിക്കുന്നു.

ദിവാൻ സുബ്ബരായർ

ഈ വകയ്ക്ക് ഉത്തരവ് വന്നിരിക്കുന്നതിന് മണ്ണം മൈസുർ അലാവുദീന്1016-ാം മാണ്ട് ആവണിമാസം 1-ാം തീയതി മുതൽക്ക് കല്ലിക്കോട്ട് നാട്യക്കാറർ വരികെ

യിൽ പാട്ട് നാഗന്റെ ശംബളം ഒഴിവു ഉള്ളതാക പതിച്ചപണം 125 (നൂറ്റിഇരുപത്തഞ്ച്)ഉം അത് കൂടാതെ 120 (നൂറ്റി ഇരുപത്) പണം പതിവിൽ കൂട്ടി എഴുതി പണം വരുത്തി കൊടുത്തു വരുന്നു.ഇത് എഴുതിയ നിത്യച്ചിലവിൽ കണക്ക് ചിദംബരകുയിലംപിള്ള.

അനുവ് ചുരുണ 87
ഓല 149
(ഒപ്പ്)

Document No.39

PENSION TO DEPENDANTS

In 1016 M.E. (1841)Swati Tirunal granted pension to Parvathi, mother of the palace grandha writer Sankara Narayan Pillai. So far she was enjoying grant in kind from 'Pakkom'under the control of palace at Trivandrum. But as she was not doing well she had shifted her residence from Trivandrum to Changanacherry and hence orders were issued to provide the same as money instead of kind at Changanacherry near her new settlement.

ചങ്ങനേശ്ശേരി തിരുവനന്തപുരം തെക്കുംകലം രണ്ടിൽ തെക്ക് അടുത്തൂൺ ഒഴിവുള്ള വകയിൽ നിന്നും മാസം ഒന്നിന് 15 (പതിനഞ്ച്) പണം വീതം ചങ്ങനാശ്ശേരിയിൽ പോക്കുവരവു എഴുതി പാർവതിയുടേയും കുഞ്ഞുങ്ങളുടേയും പേർക്ക് വീലു എഴുതി കൊടുക്കുന്നതിന് വന്ന ഉത്തരവിന് അനുവ്.

1016-ാംമാണ്ട് മാശിമാസം 13-ാം തീയതി എഴുന്നള്ളത്തോടു ഗ്രന്ഥം എഴുത്തായിട്ടു പാർക്കുന്ന ചങ്ങനാശ്ശേരിയിൽ ശങ്കരനാരായണപിള്ളയുടെ അമ്മ പാർവതിക്കു പകരം വകയിൽ നാൾ ഒന്നിന് ഇടങ്ങഴി അരിയും കോപ്പും വീതം പതിവു വച്ചു കൊടുത്തു വരുന്ന പ്രകാരംവും ഇപ്പോൾ ആ പെണ്ണും പിള്ളയ്ക്ക് വയസ്സു കാലമാകയാൽ പതിവായിട്ടു തിരുവനന്തപുരത്തു പാർക്കുന്നതിനു ദിക്കുപിടിക്കാതെ തീർന്നിരിക്കക്കൊണ്ട് ഈ വക അരിയും കോപ്പിനും പണമായിട്ട്പാർവതിയുടെയും കുഞ്ഞുങ്ങളുടെയും പേർക്ക് ചങ്ങനാശ്ശേരി മണ്ഡപത്തും വാതുക്കൽ പതിവു വച്ച് കൊടുക്കുന്നതിന് നിദാനം വരണമെന്നും ചങ്കരനാരായണപിള്ള സങ്കടംതിരുമനസ്സറിയിച്ച സംഗതിക്ക് കല്പന പ്രകാരം വിചാരിച്ചാറെ മുതപ്പട്ടാളം ഏഴാം കുപ്പിണിയിൽ(പൊടിവ്)ആയിരുന്ന ആദിച്ചൻ കാളിയിടെപേർക്ക് മാസം ഒന്നിന് 30 പണം വീതം തിരുവനന്തപുരം തെക്കെ മണ്ഡപത്തും വാതുക്കൽ അടുത്തൂൺ പതിഞ്ഞിരിക്കുന്നത് അയാൾ കഴിഞ്ഞു പോയതിൽ പിന്നെ ഇപ്പോൾ ഒഴിവായിട്ടു കിടക്കുന്ന പ്രകാരം കണ്ട് വർത്തമാനം തിരുമനസ്സറിയിച്ചതിന്റെ ശെഷം മെലെഴുതിയ പാർവതിക്ക് പക്കം വകയിൽ നിന്നും കൊടുത്തുവരുന്ന അരിയും കോപ്പും നിറുത്തി ഈ ഒഴിവുള്ള അടുത്തൂൺ വകയിൽ നിന്നും മാസം ഒന്നിന് 15 പണം വീതം പാർവതിയുടെയും അവളുടെ കുഞ്ഞുങ്ങളുടേയും പേർക്ക് പതിച്ചു ആയത് ചങ്ങനാശ്ശേരി മണ്ഡപത്തും വാതുക്കലേക്ക് പോക്കെഴുതി അവിടെനിന്നും

കൊടുപ്പിച്ച് കൊള്ളത്തക്കവണ്ണവും നിദാനം വരണമെന്നും കല്പന വന്നിരിക്കുന്ന പ്രകാരം കൊട്ടാരം സർവാധിക്കാര്യക്കാററു 4-ാം തീയതി എഴുതിയ സാധനം വന്നിരിക്കകൊണ്ട് അതിന് മണ്ണം തന്നെ ആ വകയിൽ 15 പണം ചങ്ങനാശ്ശേരി മണ്ഡപത്തും വാതുക്കലേക്ക് പോക്കെഴുതി വര്യോല കൊടുത്തയക്കത്തക്കവണ്ണം തിരുവനന്തപുരം ഒന്നാം തഹശീൽദാർക്കും അവിടെ വരവെഴുതി പാർവതിയിടെയും കുഞ്ഞുങ്ങളുടെയും പേർക്ക് പതിച്ച് പണം വരുത്തി കൊടുപ്പിക്കുന്നതിന് ചങ്ങനാശ്ശേരി തഹശീൽദാർക്കും ഉത്തരവ് കൊടുത്തയച്ചിരിക്കുന്നതാകയാൽ അപ്രകാരം പോക്കു വരവ് എഴുതിച്ച് തീരുവ വര്യോലയും വരുത്തി വീലെഴുതി പണം കൊടുപ്പിച്ചു കൊള്ളണമെന്നും ഉത്തരവ് വന്നിരിക്കുന്നു. ദിവാൻ സുബ്ബരായർ ഈ വകയ്ക്ക് ഉത്തരവ് വന്നിരിക്കുന്നതിൻവണ്ണം മേലെഴുതിയ പാർവ്വതിക്കും കുഞ്ഞുങ്ങൾക്കും തിരുവനന്തപുരം തെക്കെ മണ്ഡപത്തും വാതുക്കൽ നിന്നും പോക്കെഴുതിയതാക മേല്പടിയാണ്ട് മാശിമാസം 13-ാം തീയതി മുതൽക്ക് മാസം ഒന്നുക്കു 15 (പതിനഞ്ചു) പണം വീതം പതിവിൽ വരവെഴുതി മാസം തോറും വീല് എഴുതിച്ച് പണം വരുത്തി കൊടുത്ത് വരുന്നു -ഇത് എഴുതിയ സംപ്രതിരാമൻ പരമേശ്വരൻ

ഒപ്പ്

അനുവ് ചുരുണ
ഓല 123-124

Document No.. 40

REPENTANCE OF TEMPLE PRIEST

Swathi Thirunal had personally seen the touching of the Sri Padmanabha Prathishta (Moolabimbam) by the Chief Priest, Idapady Gopalakrishnan. He felt much annoyed at this, and so orders were issed to him to repent and pay an amount of Ps.144 to the Lord. The Priest did the same in 1016 M.E. (1841).

1016-ാമാണ്ട് ചിത്തിരമാസം 1-ാമാണ്ട് ചിത്തിരമാസം 1-ാംതീയതി കാണിക്കനട വരവ്.

പെരിയ നംപി ഇടപാടി ഗോപാലകൃഷ്ണൻ പേരിൽ മുൻ പൈംകുനി മാസം 29-ാം തീയതി വലിയ കൊട്ടാരത്തിൽ നിന്നും തൃക്കൺ പാർപ്പാൻ എഴുന്നള്ളി തൃക്കൈയിൽ പ്രസാദവും കൊടുത്താറെ ആ കൈ ശുദ്ധം വരുത്താതെ മൂലബിംബത്തിൽ തൊടുന്നതു കല്പിച്ചു കണ്ടു ആ സംഗതിക്ക് യോഗത്തുംകൽനിന്നും വിചാരിച്ചു നമ്പിയെക്കൊണ്ട് പ്രായശ്ചിത്തം കെട്ടിവയ്പിച്ചതാകെ (പൊടിവ്)ഒപ്പാണത്തു നാരായണൻ നാരായണൻ കുറ തീർന്ന കെട്ടിവച്ച കിഴി പണം 144(നൂറ്റിനാല്പത്തിനാല്)ക്കു വഞ്ചിയിൽ ഇട്ട പണം 144 (നൂറ്റിനാല്പത്തിനാല്)

മതിലകം
ചുരുണ 260
ഓല 135

Document No.41

OFFERINGS TO TEMPLE

Offerings were made to Sri Padmanabha Swamy temple on important festival occasions by Swati Tirunal, other members of the family and the "Ettarayogam pottis." On birthdays and other festivals like hunting, Arattu and the like they used to give donations to the temple in the form of coins (Panam,Chakaram)out of reverence. 'Arattu' is a festival of taking out the image of the deity procession to bathe, on the last day of the Ulsavam (festival)in a temple.

1017-ാമാണ്ട് അല്പശി മാസം 1-ാം തീയതി ശ്രീപത്മനാഭദാസ വഞ്ചി ബാലരാമവർമ്മ കുലശേഖരപ്പെരുമാൾ തിരുമനസ്സുകൊണ്ട് പല തവണയായി ചക്രം, പണം കാണിക്ക വച്ചതിനു എട്ടാം തിരുവുൽസവത്തിന് അത്താഴ ശ്രീ ഭൂതബലി കിഴക്കെ നടയിൽ എഴുന്നള്ളിച്ചാറെ ചെറിയ ഇരുന്നരുളിയേടവും എട്ടരയോഗത്തിൽ പോറ്റിമാരും ചോതി തിരുനാൾ തിരുമനസ്സുകൊണ്ടും മാർത്താണ്ടവർമ്മരായ ഇളയപണ്ടാരത്തിലും ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിലും ടി ഇളയ പണ്ടാരത്തിലും കൊച്ചു തമ്പുരാക്കൻമാരും കോയിത്തംപുരാക്കൻമാരും ഉദ്യോഗസ്ഥൻമാരും സജ്ജനങ്ങളും കൂടെ പൊന്നുംകുടത്തിൽ ചക്രം, പണം കാണിക്കയിട്ടതിന് 8-ാം തീയതി ഉത്രം ആട്ടത്തിരുനാളാകയാൽ കാണിക്കയിട്ടതിനും തിരുവേട്ടയ്ക്കം ആറ്റങ്ങൾ മൂത്ത അമ്മ പണ്ടാരത്തിൽനിന്നും നക്ഷത്രമാല കാണിക്കവെച്ചതിനും ചോതി തിരുനാൾ തിരുമനസ്സുകൊണ്ടും ആറ്റങ്ങൾ മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും പലപ്പോഴായി ചക്രം, പണം കാണിക്കവച്ചതിനും പണം വഞ്ചിയിലിട്ടതിനും മറ്റും എഴുതിയ നാൾ വഴി കണക്കുകൾ.

മതിലകം
ചുരുണ 81
ഓല 312.

Document No. 42

ENTRANCE TO TOWN IN A NEW CHARIOT

In 1017 M.E. (1842) Swati Tirunal entered the Trivandrum town by making use of the newly built chariot, further he donated a new utensil made of gold to the Padmanabha swamy temple. The chariot was built by making use of special timber in accordance with the desire of the Maharaja.

1017-ാം മാണ്ട് ആവണി മാസം 1-ാം തീയതി ശ്രീപത്മനാഭദാസ വഞ്ചി ബാലരാമവർമ്മ കുലശേഖരപെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും

കല്പിച്ച് പുത്തനായി രഥം തീർപ്പിച്ച് ആയതിൽ ടി മാസം 20-ാം തീയതി എഴുന്ന ള്ളത്ത് ആകയാൽ നാളതു മുതൽ പൊന്നും കിണ്ണത്തിൽ വട്ടകപ്രസാദം ഏൾക്കു ന്നതിനു നടക്കുവച്ച പൊന്നിൻകിണ്ണം ഒന്നുക്കു മാറ്റിൻപൊന്ന് ഇടപ്പലം 15 മുണ്ടാണി (പതിനഞ്ചു മുണ്ടാണി) കരുവേലത്തു പള്ളിയിലെ കീഴ്ക്കൂട്ടം കണക്ക് രാമൻ പിള്ള പേരിൽ ടിയാൻ മുൻ 17-ാം തീയതി നമ്മുടെ കണക്കുപുരയിൽ തീ കൊളുത്തി അണക്കാതെ ഇട്ട പ്രായശ്ചിത്തം ചെയ്യിച്ചതാക അനുപവം പിടിച്ച വരവു പണം ഒന്ന് ആകെ നാളതു മുതൽ പണം 1-ാ(പണം ഒന്ന്) പൊന്നിൻകിണ്ണം ഉരു 1-ക്കു വഞ്ചിയിൽ ഇടുവിച്ച 1-ം പെരിയ നമ്പിവശം ഇരുപ്പുപൊന്നിൻകിണ്ണം ഉരു 1-ഉം.

ശ്രീപത്മനാഭദാസവഞ്ചിബാലരാമവർമ്മ കുലശേഖരപ്പെരുമാൾ ഇരുന്നരുളി യേട ത്തിൻ പണ്ടാരത്തിൽ നിന്നും കല്പിച്ച് മരപ്പണിയിൽ പുത്തനായിട്ടു രഥം തീർപ്പിച്ച് നാളതു രാത്രി 11 മണിക്ക് ദിവസത്തിന് എഴുന്നെള്ളി പട്ടണപ്രവേശം ആകയാൽ പെരിയ പെരുമാളെ തൃക്കൺ പാർക്കാൻ എഴുന്നള്ളിയാറെ തിരു ഉമ്മറപ്പടിയിൻമേൽ പെരിയ കീഴ്ശാന്തിവച്ച പൊന്നിൻതട്ടിൽ ഇട്ട കാണിക്ക പണം 7082 1/2 (ഏഴായിരത്തി എൺപത്തി രണ്ടര).

മതിലകം
ചുരുണ 261
ഓല 673

Document No. 43

VISIT TO THE TEMPLE

From 1017 M.E. (1842) onwards Swati Tirunal used to visit the temple in the newly built chariot. After getting 'Prasadam' from the priest he used to give offerings to the temple. 'Prasadam' means sandal paste, flowers etc. given to the worshippers in temples.

1017-ാ മാണ്ട് ആവണി മാസം 20-ാം തീയതി.

ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ ശ്രീപത്മനാഭദാസ വഞ്ചി ബാലരാമവർമ്മ കുലശേഖരപെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും പൊന്നും കിണ്ണത്തിൽ വട്ടകപ്രസാദം ഏറ്റവക (പുത്തനായിട്ടു തീർപ്പിച്ച രഥത്തിൽ എഴുന്നള്ളിയവിവരം കാണുന്നു)ശ്രീപത്മനാഭദാസവഞ്ചി ബാലരാമവർമ്മ കുലശേഖരപെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും പൊന്നും കിണ്ണത്തിൽ വട്ടകപ്രസാദവും ഏറ്റു രഥത്തിൽ എഴുന്നള്ളി പട്ടണ പ്രവേശനത്തിന്റെ അന്നു പെരുമാൾ ശ്രീപത്മനാഭപെരുമൾക്കും മറ്റും കാണിക്കയിട്ട വിവരം, അഭി ഷേകം ചെയ്യിച്ച വിവരം മുതലായവ.)

മതിലകം
ചുരുണ 2049
ഒല 175-185 വരെ

Document No. 44

DONATION TO TEMPLE

In 1017 M.E. (1842) Swati Tirunal, his brother Utharam Tirunal, mother and her sister along with others visited the Padmanabhaswamy temple and paid homage and donation. On this occasion the reigning Raja Swati Tirunal offered a silk (pattu) to the temple to cover the idol on important festivals.

1017-ാമാണ്ട് ആവണി മാസം 31-ാം തീയതി

ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും ആറ്റങ്ങൽ ഇളയ അമ്മ പണ്ടാരത്തിൽ നിന്നും ഉത്രം തിരുനാൾ ആയില്യം തിരുനാൾ, ഉത്രാടം തിരുനാൾ, വിശാഖം തിരുനാൾ ചങ്ങനാശ്ശേരി കോയിത്തമ്പുരാൻ ഇവരും ചോതി തിരുനാൾ തിരുമനസ്സുകൊണ്ടും കാണിക്ക ഇട്ടതിനും ആറ്റങ്ങൽ മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും കുന്നിമാലപ്പട്ട് നടക്കു വച്ചതിനും 14-ാം തീയതി പൂജപ്പുര മണ്ഡപത്തിൽ പുത്തനായിട്ടു കെട്ടിയ കൊട്ടാരം പാലുകാച്ചുന്നതിനാൽ കല്പിച്ച് പട്ടും മറ്റും കാണിക്ക ഇട്ടതിനും 17-ാം തീയതി അവിട്ടം പൊന്നും ശ്രീബലിക്ക് പൊന്നും കുടത്തിൽ കാണിക്ക വരവിനും മറ്റും എഴുതിയ നാൾവഴി കണക്കുകൾ.

മതിലകം
ചുരുണ 261
ഓല 1-19 വരെ.

Document No.45

DONATION OF THIRUVABHARANAM (JEWELLERY) TO LORD PADMANABHA

Swati Tirunal donated "Thiruvabharanam" to be used for decorating the idol (Sri Padmanabha) in 1017 M.E. During Meenam and Medam (Malayalam months)he made offerings to the temple on five important days. He was magnanimous and unreserved in giving offerings to his family deity.

1017-ാമാണ്ട് തിരുവനന്തപുരം മതിലകത്ത് ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ ശ്രീപത്മനാഭദാസ വഞ്ചിബാലരാമവർമ്മ കുലശേഖര പെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും നടയ്ക്കുവച്ച തിരുവാഭരണം, പൊൻ വെള്ളി ഉൾപ്പെട്ട വകയ്ക്ക് ഏറടവ്, ചക്രം, പണം വകയിൽ തിരുവാഭരണം ഉൾപ്പെട്ട വക.

പൈംകുനി മാസം ടി മാസം 23-ാം തീയതി പണം 8400 (എണ്ണായിരത്തിനാന്നൂറു) 25-ാം തീയതി പണം 1200 (ആയിരത്തി ഇരുന്നൂറ്) 26-ാം തീയതി പണം 1200

(ആയിരത്തി ഇരുന്നൂറ്)30-ാം തീയതി പണം 1200 (ആയിരത്തിഇരുന്നൂറ്) 31-ാം തീയതി പണം 1200 (ആയിരത്തി ഇരുന്നൂറ്) ചിത്തിരമാസം1-ാം തീയതി കല്പിച്ച മേടവിഷു ആകയാൽ കാണിക്കയിട്ട പണം 80.

മതിലകം
ചുരുണ 2549
ഓല 94

Document No. 46

POSTPONEMENT OF PERUMTHIRAMRUTHU POOJA

It was decided to conduct the grant ceremony (Perumthiramruthu Pooja) in 1021 M.E. on a specific date. But unexpectedly he fell ill due to fever and so it was postponed to another date after duly examining precedents in the matter.

തിരുവനന്തപുരത്ത് പള്ളികൊണ്ടരുളികിന്റെ പെരുമാൾ ശ്രീപത്മനാഭ പെരുമാൾ ക്ഷേത്രത്തിൽവെച്ച് 1021-ാ മാണ്ട് ആടിമാസം 3-ാം തീയതി ശ്രീപത്മനാഭദാസ വഞ്ചിബാലരാമവർമ്മ കുലശേഖര പെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽനിന്നും കല്പിച്ചു പെരുമാൾ ശ്രീപത്മനാഭപെരുമാൾക്കും തെക്കേടത്ത് ശ്രീനരസിംഹാനന്ദ പെരുമാൾക്കും തിരുവാമ്പാടി ശ്രീകൃഷ്ണസ്വാമിക്കും കൂടെ ആണ്ടുതോറും തൈമാസത്തിൽ വിളവിൻകോട്,ചിറയിൻകീഴ് മണ്ടപത്തും വാതൽക്കാറരും കോപ്പുകൾ കൂടു പെരുന്തിരമൃതുപൂജ നിർവ്വഹിച്ചു വരുന്നതിൻവണ്ണം 1021-ാമാണ്ട് ആടിമാസം മൂന്നാം തീയതി പെരുന്തിരു അമൃതു പൂജയ്ക്കു കോപ്പുകൾ കൂട്ടിയാറെ ശ്രീപത്മനാഭ ദാസ വഞ്ചി ബാലരാമവർമ്മ കുലശേഖര പെരുമാൾ തിരുമനസ്സിലേക്ക് പനിയുടെ ആലസ്യം ആനിമാസം 31-ാം തീയതി തുടങ്ങി 3-ാം തീയതി പെരുന്തിരു അമൃതു പൂജയ്ക്ക് എഴുന്നള്ളികാണിക്കവയ്ക്കാൻ വഹിയാതെയിരിക്കുന്നതിനാൽ കീഴിൽ ഇങ്ങനെ ഓരോ സംഗതി വശാൽ തീയതി മാറ്റം പെരുന്തിരുഅമൃതുപൂജ നിർവഹിച്ചിട്ടുണ്ടോ എന്നും ആയതു ഏതുപ്രകാരമെന്നും കണക്കുശോധന ചെയ്യത്തക്കവണ്ണം കല്പനവന്നപ്രകാരം കൊട്ടോരം സർവാധിക്കാര്യറവർകൾ മുഖദാവിൽ ഉത്തരവായ കണക്കു ശോധനചെയ്താറെ 986-ാമാണ്ട് തൈമാസം 3-ാം തീയതി പെരുന്തിരു അമൃതു പൂജയുടെ ചിറവായ് മൂപ്പുവച്ച് കിട്ടീട്ടില്ലാത്തതിനാൽ പട്ടണത്തു എഴുതി അയച്ചു മറുപടിവന്നു പൈംകുനിമാസം 17-ാം തീയതി പെരുന്തിരു അമൃതുപൂജകഴിഞ്ഞിരിക്കുന്ന പ്രകാരം കണക്ക് കാണുക കൊണ്ട് ആ വിവരം സർവാധിക്കാര്യക്കാറർ അവർകൾ ബോധിപ്പിച്ച് അറിവ് എഴുതി കൊടുത്താറെ ആലസ്യം ഭേദം വന്നിട്ട് പെരുന്തിരു അമൃതുപൂജ നിർവഹിച്ചു കൊള്ളാമെന്നും കല്പന വന്നിരിയ്ക്കുന്ന പ്രകാരം ഉത്തരവ് വന്നിരിക്ക കൊണ്ടു ടി മാസം 26-ാംതീയതി പെരുന്തിരു അമൃതുപൂജ നിർവഹിക്കപ്പെട്ടു.

മതിലകം
ചുരുണ 2282
ഓല 111-112

Document No. 47

PERUMTHIRAMRUTHU POOJA (GRAND CEREMONY) CONDUCTED IN TEMPLES

In 1019 M.E. (1844) Swati Tirunal conducted the special ceremony ,viz Peruthiramruthu pooja in a grand manner in the temple of Lord Padmanabha, Thekkedathu Perumal and Thiruvambadi Srikrishna. The meterials required for the same were Supplied by the Tahsildar, Vilavancode.

1019-ാം മാണ്ട് തൈമാസം 3-ാം തീയതി തിരുവനന്തപുരം മതിലകത്ത് പള്ളി കൊണ്ടരുളിന്റെ പെരുമാൾ ശ്രീപത്മനാഭപെരുമാൾ ക്ഷേത്രത്തിൽവച്ച് 1019-ാംമാണ്ട് പൈങ്കുനി മാസം 3-ാംതീയതി ശ്രീപത്മനാഭദാസവഞ്ചി ബാലരാമവർമ്മ കുലശേഖര പെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും കല്പിച്ച് പെരുമാൾ ശ്രീപത്മനാഭ സ്വാമിക്കും തെക്കേടത്ത് ശ്രീ നരസിംഹാനന്ദ പെരുമാൾ സ്വാമിക്കും തിരുവാമ്പാടിശ്രീകൃഷ്ണസ്വാമിക്കും കൂടി നാളതു പെരുന്തിരമൃതുപൂജക്ക് വിളവിൻകോട് മണ്ടപത്തും വാതുക്കൽതഹശീൽ ലക്ഷ്മി നാരായണ ശാസ്ത്രികൾകോപ്പുകൾകൂട്ടി പെരുന്തിമൃതുപൂജ നിർവഹിച്ച വകയ്ക്ക് ടി മണ്ടപത്തും വാതുക്കൽ സംപ്രതി കണക്കെഴുത്ത് പെരുമാൾ താണുവനും ടിയിൽ കീഴ്കൂട്ടംകണക്ക് രാമൻപിള്ളയും ആയിട്ട് ഒത്തെഴുതിയ കണക്ക്.

മതിലകം
ചുരുണ 2282
ഓല 1050.

Document No.48

TWO GOLDEN LAMPS DONATED

Swati Tirunal donated two golden lamps to the temple (Sri Padmanabha) in 1021 M.E. (1846) on his 33rd birthday. In addition to the gold available within the palace an amount of Rs.1,18,000 was spent for the purpose towards cost and charges for the lamps.

കൊടുത്തുട്ട സാധനവും വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. 1021-ാ മാണ്ട് ചിത്തിര മാസത്തിൽ ചോതി ആട്ടത്തിരുനാളിന്റെ അന്നു മതിലകത്ത് നടക്കുവയ്ക്കുന്ന വകയ്ക്ക് 4000 (നാലായിരം) കഴഞ്ചു പൊന്നുകൊണ്ട് രണ്ടു നില വിളക്കു വാർപ്പിക്കുന്നതിന് കൈവഴിചെല്ലം വകയിലും ശ്രീപാദം വകയിലും ഇരിപ്പുള്ള പൊന്നു പൊകെ 8 മാറ്റിൽ 2500 (രണ്ടായിരത്തി അഞ്ഞൂറ്) കഴഞ്ച് പൊന്ന് വിലയ്ക്ക് വാങ്ങിക്കുന്നതിന് 1,17,500 (ഒരു ലക്ഷത്തിപതിനേഴായിരത്തിഅഞ്ഞൂറ്) പണം വിലയും 510 (അഞ്ഞൂറ്) പണം കൂലിയും ഇതിന് മണ്ണം 1,18,000 (ഒരു ലക്ഷത്തി

പതിനെണ്ണായിരം) പണം വേണ്ടുന്നത് ഖജനാവിൽനിന്നു വരുത്തി ഉരുപ്പടി തീർപ്പി ക്കണമെന്നും കല്പന വന്നിരിയ്ക്കുന്ന പ്രകാരം കൈവഴി ചെല്ലും കാര്യം വിചാരി ക്കുന്ന നരംസിംഹൻ തമ്പിയുടെ സാധനം വന്നു ഈ വകയിൽ 1,18,000 (ഒരു ലക്ഷത്തി പതിനെണ്ണായിരം) പണം കൊടുപ്പിച്ചു കണക്കിൽ വിവരം എഴുതിവ രുന്ന പ്രകാരവും ആയതു ചിലവെഴുതിക്കുന്നതിന് നിദാനം വരെണ്ടുന്ന അവസ്ഥ കൊണ്ടും എല്ലാ എഴുതിവന്നതിലാകുന്നു. അതിന് മണ്ണം മെലെഴുതിയ വകയ്ക്ക വിവരത്തിൽ കൊടുത്തിരിക്കുന്ന പണം 1, 18,000 (ഒരുലക്ഷത്തി പതിനെണ്ണായിരം) -വും കണക്കിൽ ചിലവെഴുതിച്ചുകൊള്ളത്തക്കവണ്ണം ഹജൂർ ഖജനാവിൽ ശ്രാപ്പ് സുബ്ബനായക്കന്റെ പെർക്ക് എഴുതിയിട്ടു നിനവ് ഇതിനോടുകൂടെ കൊടുത്തയച്ചി രിക്കകൊണ്ട് അപ്രകാരം ചിലവെഴുതിച്ചു കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 1125-ാമാണ്ട് ആവണി മാസം12-ാം തീയതി ദിവാൻ ലിംഗയ്യൻ കൃഷ്ണരാ യർക്ക് നീട്ട് എഴുതുവിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

നീട്ട്, വാല്യം 58
പുറം 7.

Document No.49

THE DEMISE OF SWATI TIRUNAL

On 13th Dhanu (Markazhi) 1022 M.E. (1847) Swati Tirunal took his last breath due to some sudden illness while he was staying in the Perumal Palace, East Fort, Trivandrum. As usual customary clothes were sent to the temple to cover the idol (Lord Padmanabha)as a token of the deep sorrow met with.

1122-ാം മാണ്ട് മാർകഴി മാസം 13-ാം തീയതി.

ചോതിതിരുനാൾ തിരുഅവതാരം ചെയ്തരുളിയ തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീപ ത്മനാഭദാസ വഞ്ചി ബാലരാമവർമ്മ കുലശേഖര പെരുമാൾ ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ നിന്നും തിരുവനന്തപുരത്തു കിഴക്കെ ഗോപുരവാതുക്കൽ പെരു മാൾ കൊട്ടാരത്തിൽ എഴുന്നരുളി ഇരുന്നരുളുമ്പോൾ തിരു ആലസ്യമായി കൊല്ലം 1022-ാമാണ്ട് മാർകഴി മാസം 13-ാം തീയതി ചെന്നു ശനിയാഴ്ചയും രേവതി 42 3/4 (നാല്പത്തിരണ്ടേമുക്കാല്) ക്കുമേൽ അശ്വതി നക്ഷത്രവും പൂർവ്വ പക്ഷത്തു ന വമി 42 1/4 അരയ്ക്കാലുക്കു മേൽ അശ്വതി നക്ഷത്രവും പൂർവ്വ പക്ഷത്തു നവമി 42 1/4 അരയ്ക്കാലുക്കുമേൽ ദശമിയും ആയ ദിവസം അസ്തമിച്ചു വെളുപ്പാൻ, 5നാഴിക ഉള്ളപ്പോൾ വൃശ്ചികം രാശി നേരത്തു നാടുനീങ്ങി സ്വർഗ്ഗ പ്രാപ്തിയാക യിൽ, മുൻ പെരുമാൾ ക്ഷേത്രത്തിൽ നിക്കും നാടിനു ചെങ്കോൽ വാങ്ങി തിരുനാമ പ്പേരും ഏറ്റു ചെങ്കോൽ മുറയും നടത്തുകയിൽ ശ്രീപത്മനാഭപെരുമാളുടെ തിരു മേനിയിൽ നാടു വാഴി ചാർത്തി വരുന്ന പട്ടും കച്ചയും കൊടുത്തയച്ചവക.

മതിലകം
ചുരുണ 62
ഓല 52-60.

Document No. 50

SUCCESSION TO THE THRONE BY UTRAM TIRUNAL

After the demise of Swati Tirunal, his brother and the heir apparent Utram Thirunal Marthanda Varma succeeded to the throne after an elapse of 13 days on 26th Markazhi 1022 M.E. The ceremony is known as 'Padiyettam" and the customary formalities are very large.

1022-ാ മാണ്ട് മാർകഴി മാസം 26-ാം തീയതി.

ഭജനപ്പുരവക തുലാപായിതം ഒന്നുക്ക് പണം 12 (പന്ത്രണ്ട്) ആനവാൾ നീലകണ്ഠൻ താണുവനെ കുറ്റമായിട്ട് അകരത്തിൽ പാർപ്പിച്ചിരുന്നതാകയാൽ ഇന്നേ ദിവസം ആ വീഴ്ചയ്ക്ക് ഒരു പന്തിരണ്ടു തുലാപായിതം കഴിപ്പിക്കത്തക്ക വണ്ണം 183 1 /2 (നൂറ്റി എൺപത്തിമൂന്നര)പണം കെട്ടിവപ്പിച്ച് കൊട്ടാരത്തിൽ നിന്നും കൊടുത്തയച്ചതാക വരവ് 12(പന്ത്രണ്ട്) തുലാപായിതം ഒന്നുക്ക് വരവ് പണം 183 1/2 (നൂറ്റി എൺപത്തിമൂന്നര)കഴുവേലിയിൽ കേരളവർമ്മൻ തിരുമുല്പാട് ഒറ്റയട ഒന്നുക്ക പണം 1 1/2 (ഒന്നര)ടി അപ്പം പണം 1(പണം ഒന്ന്)തളിയൽ മഹാദേവൻ കോവിലിൽ നാഗനാതൻ ഒറ്റയട ഒന്നുക്ക് പണം 1 1/2 (ഒന്നര)മാവേലിക്കര തമ്പുരാൻ വക അപ്പം പണം 1 (ഒന്ന്) ടി വക അവൽപണം 1 (ഒന്ന്)ശങ്കുപ്പിള്ള അവൽ പണം 1 1/2(ഒന്നര)ശ്രീവരാഹം പരമേശ്വരൻ അവൽ പണം 1 1/2(ഒന്നര) കാർത്തികപ്പള്ളി തമ്പുരാൻ വക അപ്പം പണം 2 1/2 (രണ്ടര) അരിക്കാരൻ ഗോപാലയ്യൻ അവൽപണം 2 (രണ്ട്) ഈ മാസം 13-ാം തിയതി ചോതി തിരുനാൾതിരുഅവതാരം ചെയ്തരുളിയ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് നാടുനീങ്ങി സ്വർഗ്ഗപ്രാപ്തി ആകയാൽ 25-ാം തീയതി പുണ്യാഹംവക അടിയന്ത്രം മുതലായതും കഴിപ്പിച്ച് നാളതു കാലത്തു മകരം രദാശിനേരത്ത് ഉത്തിരം തിരുനാൾ തിരുഅവതാരം ചെയ്തരുളിയ ഇളയതമ്പുരാൻ തിരുമനസ്സിലേക്ക് പടിയും പടിയേറ്റവും നിർവഹിച്ച് ഉടവാളും വാങ്ങി ചിറവായ് മൂപ്പു കൊണ്ടരുളിയവകയ്ക്ക് അത്താഴശിവേലിക്കു ചുറ്റുവിളക്കും കമ്പവിളക്കുംവയ്പിച്ച അനന്തവാഹനത്തിൽ എഴുന്നള്ളിച്ച് ചിറപ്പുനടന്ന വകയ്ക്ക് പടിത്തരത്തിൽപ്രകാരം കാഞ്ചീപുരത്ത് മഠത്തിൽ ശംഖുചക്രത്തുവീട്ടിൽ കണക്ക്തേവൻ കേശവൻ മണ്ടപത്തുംവാതുക്കൽ നിന്നും കെട്ടി വാങ്ങിച്ചു കൊണ്ട് വരവ് തുലാപായിതം അരയ്ക്ക് പണം 12-ം(പന്ത്രണ്ട്) അപ്പം വകയ്ക്ക് പണം 25(പണം ഇരുപത്തിയഞ്ച്) അനന്തവാഹനത്തിൽ എഴുന്നള്ളിക്കുന്ന വകയ്ക്ക പണം 24-ം (പണം ഇരുപത്തിനാല്) വെള്ളിക്കുട വകയ്ക്ക് പണം 3-ം (മൂന്ന്) വെള്ളി തടി എടുപ്പു വകയ്ക്ക് പണം 2 1/2 (രണ്ടര) വാഹനം കെട്ടിമുറുക്കുന്ന വകയ്ക്ക് പണം 3 1/4 (മൂന്നേകാൽ) ചാമരം എടുക്കുന്ന വകയ്ക്ക് പണം 3 1/2 (മൂന്നര)ചന്ദനം വകയ്ക്ക് പണം 2 1/2 (രണ്ടര) ടിയ്ക്ക് അരപ്പുകൂലി പണം 2 1/2 (രണ്ടര) മാല വകയ്ക്ക് പണം 10-ം (പത്ത്) വെള്ളി തീവെട്ടിക്ക് പണം 1-ഉം (ഒന്ന്) ചൂടം വകയ്ക്ക് പണം 1-ം (ഒന്ന്)ചാമ്പ്രാണിത്തിരി വകയ്ക്ക് പണം 2-ം (രണ്ട്) കൊടികൂട്ടി ആ വകയ്ക്കുള്ള പണം 5-ം(അഞ്ച്)

(പൊടിവ്).

മതിലകം

ചുരുണ 254

ഓല 27

Document No.51

PATTATHANAM INTRODUCTION

As a fitting homage to the late Maharaja Swati Tirunal, it was decided to celebrate the death anniversary as holy as possible. As such the date had been honoured by introducing "Pattathanam". It was a cermony in wich honours were conferred upon eminent personalities taking into account of the respective person's activities. "patta" (bhatta) was an honorific title during those days.

